14
ചൊവ്വ
ഫെബ്രുവരി 2023
1198 കുംഭം 02
Vo5 Issue No 140


# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

## ആദ്യം രേഖകൾ തരട്ടെ: ജി എസ് ടി നഷ്ടപരിഹാര വിഷയത്തിൽ പ്രതികരിച്ച് കേന്ദ്ര ധനമന്ത്രി



**ന്യൂഡൽഹി:** കേരളത്തിന് ജി എസ് ടി നഷ്ടപരിഹാര കുടിശിക നൽകാത്തത് സംബന്ധിച്ച് വിശദീകരണവുമായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. സംസ്ഥാനം അഞ്ചുവർഷമായി കൃത്യമായ രേഖകൾ സമർപ്പിച്ചിട്ടില്ലെന്നും അതിനാലാണ് നഷ്ടപരിഹാരം നൽകാത്തതെന്നുമാണ് ധനമന്ത്രി പറഞ്ഞത്. കൊല്ലം എം പി എൻ കെ പ്രേമചന്ദ്രൻ നഷ്ടപരിഹാരം ലഭിക്കാത്ത വിഷയം ലോക്സഭയിൽ ചൂണ്ടിക്കാണിച്ചപ്പോഴായിരുന്നു ധനമന്ത്രിയുടെ മറുപടി.
'ഓഡിറ്റ് ചെയ്ത കണക്കുകൾ നൽകുമ്പോഴാണ് സംസ്ഥാനങ്ങൾക്ക് ജി എസ് ടി നഷ്ടപരിഹാരം അനുവദിക്കുന്നത്. എന്നാൽ കേരളം അഞ്ചുവർഷമായി ഇത് നൽകിയിട്ടില്ല. 2018 മുതൽ ഒരുവർഷം പോലും അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരമുള്ള ജി എസ് ടി നഷ്ടപരിഹാരത്തിനുള്ള രേഖ കേരളം ഹാജരാക്കിയിട്ടില്ല.ഫണ്ട് അനുവദിക്കാത്തതിന് പിന്നെങ്ങനെ കേന്ദ്രത്തെ കുറ്റപ്പെടുത്തും'- മന്ത്രി ചോദിച്ചു. ഇതുമായി ബന്ധപ്പെട്ട് ആദ്യം കേരള സർക്കാരിനോട് ചോദിക്കാനും ധനമന്ത്രി പ്രേമചന്ദ്രനോട് ആവശ്യപ്പെട്ടു.
2017 ജൂലായ് ഒന്നിന് ജി എസ് ടി നടപ്പിലായപ്പോൾ മുതൽ സംസ്ഥാനങ്ങൾക്ക് നേരിട്ട വരുമാനനഷ്ടം പരിഹരിക്കാനാണ് കേന്ദ്രം ജി എസ് ടി നഷ്ടപരിഹാര തുക ഏർപ്പെടുത്തിയത്.ജി എസ് ടി നിരക്ക് സംസ്ഥാനങ്ങളും കേന്ദ്രവും 60:40 എന്ന അനുപാതത്തിൽ പങ്കിടണമെന്നാണ് വിദഗ്ധസമിതി ശുപാർശയെങ്കിലും നിലവിൽ തുല്യമായാണ് വരുമാനം വീതിക്കപ്പെടുന്നത്.

## മുഖ്യമന്ത്രി ജനത്തെ ബന്ദിയാക്കുന്ന ശല്യക്കാരനെന്ന് കെ.സുധാകരൻ, പിണറായിക്ക് ഭയമാണോയെന്ന് സതീശൻ



**തിരുവനന്തപുരം:** മുഖ്യമന്ത്രി പിണറായി വിജയന്റെ സുരക്ഷയുടെ പേരിലെടുക്കുന്ന പോലീസ് നടപടികളെ രൂക്ഷമായി വിമർശിച്ച് പ്രതിപക്ഷ പ്രതിപക്ഷ നേതാവും കെ.പി.സി.സി പ്രസിഡന്റും. ആരെ ഭയന്നാണ് മുഖ്യമന്ത്രി 40 വണ്ടികളുടെ അകമ്പടിയിൽ യാത്ര ചെയ്യുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ചോദിച്ചു. കോൺഗ്രസ് പ്രവർത്തകരെ കരുതൽ തടങ്കലിൽ വയ്ക്കുന്നത് നിയമവിരുദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി. അതേസമയം ജനത്തെ ബന്ദിയാക്കുന്ന ശല്യക്കാരനാണ് മുഖ്യമന്ത്രിയെന്നാണ് കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ പ്രതികരിച്ചത്. നികുതിക്കൊള്ള അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് യു.ഡി.എഫ് സമരത്തിലാണ്. മുഖ്യമന്ത്രിയും മന്ത്രിമാരും റോഡിലൂടെ യാത്ര ചെയ്യുമ്പോൾ സ്വാഭാവികമായും പ്രതിഷേധിക്കും. വി.ഡി സതീശൻ പറഞ്ഞു. കരുതൽ തടങ്കൽ പാടില്ലെന്ന് സുപ്രീം കോടതി ഉത്തരവുണ്ട്. ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കോൺഗ്രസ് പ്രവർത്തകരെ കരുതൽ തടങ്കലിലെടുക്കുന്നതെന്നും അദ്ദേഹം ചോദിച്ചു. എറണാകുളത്ത് പ്രതിഷേധത്തിനിടെ ഒരു പെൺകുട്ടിയെ പോലീസ് ഉദ്യോഗസ്ഥൻ വലിച്ചിഴച്ച നടപടിയേയും അദ്ദേഹം ചോദ്യം ചെയ്തു. ഭയം കൊണ്ട് ഭരിക്കുന്ന ഏകാധിപതിയായി മുഖ്യമന്ത്രി മാറിയെന്നും വി.ഡി. സതീശൻ കുറ്റപ്പെടുത്തി. അതേസമയം കരിങ്കൊടി പ്രതിഷേധത്തെ പോലും സഹിഷ്ണുതയോടെ നേരിടാനാകാത്ത ഭീരുവാണ് മുഖ്യമന്ത്രിയെന്ന് കെ. സുധാകരൻ പരിഹസിച്ചു. ജനാധിപത്യത്തിൽ പ്രതിഷേധിക്കാനും പ്രതികരിക്കാനുമുള്ള സ്വാതന്ത്ര്യം മുഖ്യമന്ത്രി കശാപ്പ് ചെയ്യുന്നു. മുഖ്യമന്ത്രിയുടെ പൊതു പരിപാടിയുണ്ടെങ്കിൽ പ്രദേശത്ത് കോൺഗ്രസ് പ്രവർത്തകർക്ക് സമ്മേളനം നടത്താനോ കറുപ്പ് വസ്ത്രമിടാനോ സാധിക്കാത്ത സാഹചര്യമാണ് നിലവിൽ. അടിയന്തരാവസ്ഥ കാലത്ത് പോലും കേട്ടുകേൾവിയില്ലാത്ത കാര്യങ്ങളാണ് നിലവിലെ പോലീസ് നടപടികളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കേരള – കർണാടക അതിർത്തിയിൽ കടുവയുടെ ആക്രമണത്തിൽ രണ്ടുപേർ മരിച്ചു; സംഭവം മണിക്കൂറുകളുടെ ഇടവേളയിൽ




ബംഗളൂരു: കേരള - കർണാടക അതിർത്തിയിൽ കടുവയുടെ ആക്രമണത്തിൽ രണ്ടുപേർ കൊല്ലപ്പെട്ടു. കർണാടക കുട്ട ചൂരിക്കാട് കാപ്പി എസ്റ്റേറ്റിലാണ് സംഭവം.
ഇന്നലെ വൈകിട്ടും ഇന്ന് രാവിലെയുമാണ് ആക്രമണം ഉണ്ടായത്.
ഹുൻസൂർ അൻഗോട്ട സ്വദേശിയായ മധുവിന്റെയും വീണ കുമാരിയുടെയും മകൻ ചേതൻ(18) ബന്ധുവായ രാജു(72) എന്നിവരാണ് കൊല്ലപ്പെട്ടത്.
ഇന്നലെയാണ് ചേതനേയും പിതാവായ മധുവിനെയും കടുവ ആക്രമിച്ചത്. തുടർന്ന് ചേതൻ മരിക്കുകയും മധു പരിക്കോടെ രക്ഷപ്പെടുകയും ചെയ്തു. സംഭവമറിഞ്ഞ് സ്ഥലത്തെത്തിയ ചേതന്റെ ബന്ധു രാജുവിനെ ഇന്നലെ രാവിലെ ആക്രമിക്കുകയായിരുന്നു. സംഭവത്തെ തുടർന്ന് പ്രദേശത്ത് വ്യാപക പ്രതിഷേധം ഉയരുകയാണ്. നാഗർ ഹോള എസി എഫ് ഗോപാലും, വനപാലകരും, ഡിവൈഎസ്പി രാമരാജനും സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്.

## ബോംബെ IIT-യിൽ ദളിത് വിദ്യാർഥി ജീവനൊടുക്കി; ജാതി വിവേചനം ആരോപിച്ച് വിദ്യാർഥി സംഘടനകൾ

### ആശാൻ

പി കെ ശശി വീണ്ടും വിവാദ നിഴലിൽ, അന്വേഷണം പ്രഖ്യാപിച്ച് സിപിഎം



അന്വേഷണം എല്ലാം നമ്മൾ കണ്ടതല്ലേ?

മുംബൈ: ബോംബെ ഐ.ഐ.ടിയിൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ ഏഴാം നിലയിൽ നിന്നും ചാടി ദളിത് വിദ്യാർഥി ആത്മഹത്യ ചെയ്തു. അഹമ്മദാബാദ് സ്വദേശി ദർശൻ സോളങ്കി(18)യാണ് ജീവനൊടുക്കിയത്. ഞായറാഴ്ച ഉച്ചയോടെയായിരുന്നു സംഭവം. ക്യാമ്പസിൽ സോളങ്കി നേരിട്ടിരുന്ന വിവേചനമാണ് ആത്മഹത്യയിലേക്ക് നയിച്ചതെന്ന് വിവിധ വിദ്യാർഥി സംഘടനകൾ ആരോപിച്ചു.
ആത്മഹത്യക്കുറിപ്പൊന്നും പോലീസിന് ലഭിച്ചിട്ടില്ല. അസ്വാഭാവിക മരണത്തിന് കേസെടുത്ത് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പഠനത്തിലെ സമ്മർദ്ദമാണോ ആത്മഹത്യയിലേക്ക് വിദ്യാർഥിയെ നയിച്ചതെന്നും പോലീസ് പരിശോധിക്കുന്നുണ്ട്. എന്നാൽ ഇത് ഒരു വ്യക്തിപരമായ പ്രശ്നമല്ലെന്നും മറിച്ച്



സംഭവത്തിൽ ജാതീയത അടങ്ങിയിട്ടുണ്ടെന്നും ആരോപിച്ച് അംബേദ്കർ പെരിയാർ ഫൂലെ സ്റ്റഡി സർക്കിൾ രംഗത്തെത്തി. വിദ്യാർഥികളിൽ നിന്നും അധ്യാപകരിൽ നിന്നും ദളിത് വിദ്യാർഥികൾ കടുത്ത വിവേചനം നേരിടുന്നുണ്ടെന്നും ഇവർ വ്യക്തമാക്കി. സംവരണം ഉന്നയിച്ച് ദളിത് ആദിവാസി വിഭാഗത്തിൽ നിന്നുള്ള വിദ്യാർഥികളെ മാനസികമായി പീഡിപ്പിക്കുക പതിവാണെന്നും വിദ്യാർഥികൾ ആരോപിച്ചു

## പ്രധാനമന്ത്രിയുടെ വിദേശയാത്രയിൽ എങ്ങനെ അദാനി പങ്കെടുത്തു–വീണ്ടും ചോദ്യം ഉന്നയിച്ച് രാഹുൽ



**കല്പറ്റ:** പ്രധാനമന്ത്രി നരേന്ദ്ര മോദിയും അദാനിയും തമ്മിലുള്ള ബന്ധം ആവർത്തിച്ച് രാഹുൽ ഗാന്ധി. പ്രധാനമന്ത്രിയുടെ വിദേശയാത്രയിൽ എങ്ങനെയാണ് അദാനി പങ്കെടുത്തതെന്ന് രാഹുൽ ഗാന്ധി വയനാട് വെച്ച് ചോദിച്ചു. ഭാരത് ജോഡോ യാത്രയ്ക്ക് ശേഷം ആദ്യമായി കേരള സന്ദർശനത്തിനെത്തിയതായിരുന്നു രാഹുൽ.
രാജ്യത്തെ എല്ലാ വിമാനത്താവളങ്ങളും അദാനി വാങ്ങിക്കുന്നത് എങ്ങനെയാണ്. അദാനി - മോദി ബന്ധത്തെക്കുറിച്ച് പാർലമെന്റിൽ പറഞ്ഞതെല്ലാം സത്യമാണ്. ആരേയും തേജോവധം ചെയ്തിട്ടില്ല. പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് തെളിവ് നൽകിയിട്ടുണ്ട്. മറുപടി പറയുന്നതിന് പകരം തന്നെ വ്യക്തിപരമായി ആക്ഷേപിക്കുകയാണ് ചെയ്തതെന്നും രാഹുൽ ഗാന്ധി പറഞ്ഞു.
അദാനിയുമായുള്ള ബന്ധത്തെക്കുറിച്ചുള്ള ചോദ്യത്തിന്, എന്തുകൊണ്ട് തന്റെ പേര് രാഹുൽ നെഹ്റു എന്നായില്ല, പകരം രാഹുൽ ഗാന്ധി എന്നായി എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ചോദിച്ചത്. എന്നാൽ ഇന്ത്യയിൽ അച്ഛന്റെ കുടുംബപ്പേരാണ് സാധാരണയായി ഉപയോഗിക്കാറുള്ളത് എന്ന കാര്യം മോദിക്ക് അറിയാത്തതല്ലെന്നും രാഹുൽ കൂട്ടിച്ചേർത്തു.അതേസമയം ബഫർസോൺ വിഷയത്തിൽ അനിശ്ചിതത്വം അവസാനിപ്പിക്കണമെന്നും രാഹുൽ ആവശ്യപ്പെട്ടു. ഭാരത് ജോഡോ യാത്രയ്ക്കിടെ കണ്ട എല്ലാ കർഷകരും അസംതൃപ്തരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ജമ്മു കശ്മീർ മണ്ഡല പുനർനിർണയ വിജ്ഞാപനം സുപ്രീംകോടതി ശരിവെച്ചു



**ശ്രീനഗർ:** ജമ്മു കശ്മീർ മണ്ഡല പുനർനിർണയത്തിനായി ഇറക്കിയ വിജ്ഞാപനത്തിനെതിരായ ഹർജി സുപ്രീംകോടതി തള്ളി. ജസ്റ്റിസുമാരായ സഞ്ജയ് കിഷൻ കൗൾ, അഭയ് എസ്. ഓക എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി തള്ളിയത്.
2019-ലെ ജമ്മു കശ്മീരിലെ പുനഃസംഘടനാ നിയമത്തിനെതിരായ ഹർജി നിലവിൽ സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ പരിഗണനയിലാണ്. ആ ഹർജികളുടെ മെറിറ്റുമായി ബന്ധപ്പെട്ട ഒരഭിപ്രായവും രേഖപ്പെടുത്തുന്നില്ലെന്നും ജസ്റ്റിസ് സഞ്ജയ് കിഷൻ കൗളിന്റെ അധ്യക്ഷതയിലുള്ള ബെഞ്ച് വ്യക്തമാക്കി.
യാത്രയ്ക്കിടെ കണ്ട എല്ലാ കർഷകരും അസംതൃപ്തരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## മുഖ്യമന്ത്രിയുടെ അകമ്പടി വാഹനത്തിന്റെ അമിതവേഗം; റിപ്പോർട്ട് തേടി കോടതി

**കോട്ടയം:** മുഖ്യമന്ത്രിയുടെ അകമ്പടി വാഹനം അപകടകരമായ രീതിയിൽ ഓടിച്ചതിൽ റിപ്പോർട്ട് തേടി പാലാ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി. കുറുവിലങ്ങാട് എസ്.എച്ച്.ഒ. നിർമൽ മുഹ്സിനോടാണ് കോടതി റിപ്പോർട്ട് ആവശ്യപ്പെട്ടത്. സാധാരണക്കാരനും റോഡിലൂടെ യാത്ര ചെയ്യണ്ടേയെന്നും കോടതി ചോദിച്ചു. വെള്ളിയാഴ്ചയാണ് കോഴ മേഖലയിലൂടെ മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം അമിതവേഗത്തിൽ കടന്നു പോയത്. മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം കടന്നു പോയപ്പോൾ മജിസ്ട്രേറ്റിന്റെ വാഹനവും സമീപത്തുണ്ടായിരുന്നു. അപകടകരമായ രീതിയിൽ വാഹനങ്ങൾ കടന്നുപോയതിൽ മജിസ്ട്രേറ്റിന് അതൃപ്തിയുണ്ടായിരുന്നു.
ഈ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നും കോടതി ചോദിച്ചു. ഇതു സംബന്ധിച്ച് 17-ാം തീയതിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും കോടതി ആവശ്യപ്പെട്ടു



## കോട്ടയം മെഡിക്കൽ കോളേജിൽ വൻ തീപിടിത്തം, രോഗികളെ ഒഴിപ്പിച്ചു



**കോട്ടയം:** കോട്ടയം മെഡിക്കൽ കോളേജിൽ വൻ തീപിടിത്തം. കാൻസർ വാർഡിന് പിന്നിലെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എട്ടുനില കെട്ടിടത്തിൽ മദ്ധ്യഭാഗത്താണ് ഉച്ചയ്ക്ക് പന്ത്രണ്ടരയോടെ തീ പിടിച്ചത്. ആളപായമുള്ളതായോ ആർക്കെങ്കിലും പരിക്കേറ്റതായോ റിപ്പോർട്ടില്ല. തീ അണയ്ക്കാനുള്ള ശ്രമം തുടരുകയാണ്. കൂടുതൽ ഫയർ എൻജിനുകൾ സ്ഥലത്തേക്ക് എത്തിയിട്ടുണ്ട്.
നാലാം വാർഡിനോട് ചേർന്ന കെട്ടിടത്തിലാണ് തീപിടിത്തമുണ്ടായത്. തീയും പുകയും ഉയർന്നതോടെ ഈ വാർഡിൽ നിന്ന് രോഗികളെ പൂർണമായി ഒഴിപ്പിച്ചു. നൂറിലധികം രോഗികളും കൂട്ടിരിപ്പുകാരുമാണ് ഉണ്ടായിരുന്നത്. തീപിടിത്തത്തിന്റെ കാരണം വ്യക്തമല്ല. നിർമ്മാണ ആവശ്യങ്ങൾക്കായി ഇവിടെ ചില വൈദ്യുത ക്രമീകരണങ്ങൾ നടന്നിരുന്നു. ഇതിൽ നിന്നുള്ള ഷോർട്ട് സർക്യൂട്ടാവാം അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം.
ഇക്കഴിഞ്ഞ ജനുവരിയിലും കോട്ടയം മെഡിക്കൽകോളേജിൽ തീപിടിത്തമുണ്ടായി.ഗൈനക്കോളജി വിഭാഗത്തിലെ ലെക്ചർ ഹാളിൽ ഉച്ചക്ക് ഒന്നരയോടു കൂടിയായിരുന്നു തീപിടിത്തമുണ്ടായത്. സുരക്ഷാ ഉദ്യോഗസ്ഥരുടേയും ലിഫ്റ്റ് ഓപ്പറേറ്ററുടേയും അവസരോചിതമായ ഇടപെടൽ മൂലം വൻ നാശനഷ്ടങ്ങൾ ഒഴിവാകുകയായിരുന്നു.



# ചൈനയുടെ ലക്ഷ്യങ്ങൾ എന്തായിരിക്കും? റിപ്പോർട്ട് സൂചിപ്പിക്കുന്നത് ഇക്കാര്യങ്ങൾ

അയൽപക്കത്തെ ചൈനീസ് സ്വാധീനവും ഇന്ത്യയുടെ പ്രത്യാഘാതങ്ങളും എന്ന വിഷയത്തിൽ ഡൽഹിയിൽ നടന്ന പൊലീസ്, കേന്ദ്രസേന ഡിജിപി- ഐജിപിമാരുടെ ത്രിദിന സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട റിപ്പോർട്ട് (ജനുവരി 2023) ഇന്ത്യ- ചൈന ബന്ധത്തിൽ നിലനിൽക്കുന്ന ആശങ്കകൾ വെളിപ്പെടുത്തുന്നു.

ചൈന, ഇന്ത്യൻ അതിർത്തിയിൽ നിരന്തരം സംഘർഷമുണ്ടാക്കുന്നതും തെക്കുകിഴക്കൻ, ദക്ഷിണേന്ത്യൻ മേഖലകളിൽ ഭീമമായി തുകകൾ വായ്പയെന്ന പേരിൽ നൽകി വികസന പ്രവർത്തനങ്ങൾ നടത്തുന്നതും ഇന്ത്യയെ വെല്ലുവിളികളിൽ തളച്ചിടുന്നതിനാണെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

ഇന്ത്യൻ മഹാസമുദ്രത്തിൽ ഇന്ത്യയുടെ സാന്നിദ്ധ്യം കുറയ്ക്കുകയാണ് ഇതിലൂടെ ചൈന ലക്ഷ്യം വയ്ക്കുന്നത്. ഏഷ്യയിൽ ഇന്ത്യയുടെ സ്വാധീനം കുറയ്ക്കുവാനും ഉഭയകക്ഷി പ്രശ്നങ്ങളിൽ ചൈനയുടെ വ്യവസ്ഥകൾക്കനുസരിച്ച്പരിഹാരം കണ്ടെത്താനും തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾക്കും ദക്ഷിണേഷ്യൻ രാജ്യങ്ങൾക്കുംമേൽ വലിയ സ്വാധീനം ചെലുത്താനുമുള്ള ശ്രമങ്ങളാണ് ചൈന നടത്തുന്നത്. ഈ ഉദ്ദേശ്യത്തോടെ വൻതുകകളാണ് ചൈന ഈ രാജ്യങ്ങൾക്ക് നൽകിവരുന്നതെന്ന് റിപ്പോർട്ട് പറയുന്നു.

കിഴക്കൻ ലഡാക്കിലെ 65 നിരീക്ഷണ കേന്ദ്രങ്ങളിൽ 26 എണ്ണത്തിലും ഇന്ത്യയ്ക്ക് നിയന്ത്രണം നഷ്ടപ്പെട്ടുവെന്ന ആശങ്കയുണർത്തുന്ന മുന്നറിയിപ്പും റിപ്പോർട്ടിലുണ്ട്. ചൈന അതിർത്തിയിൽ കാരകോരം ചുരം മുതൽ ചുമൂർവരെ 65 പട്രോളിംഗ് പോയിന്റുകളാണ് നിലവിലുള്ളത്. ദീർഘകാലം പട്രോളിംഗ് മുടങ്ങുന്ന മേഖലകളിൽ ചൈനപ്പട്ടാളം സാന്നിദ്ധ്യം ഉറപ്പിക്കും. പിന്നെ തങ്ങളുടെ ഭൂമിയാണ് അതെന്ന വാദം അവർ ഉന്നയിക്കും. ഇന്ത്യൻ ഭൂവിഭാഗങ്ങൾ ഈ മട്ടിലാണ് ചൈനീസ് സൈന്യം സ്വന്തമാക്കുന്നത്. 2020ൽ ഇരുസൈന്യങ്ങളും തമ്മിൽ ഏറ്റുമുട്ടിയ ഗാൽവൻ താഴ്വരയിൽ ഇതേതന്ത്രമാണ് ചൈന പയറ്റിയതെന്ന് ലേയിലെ പൊലീസ് സൂപ്രണ്ടായ പി.ഡി. നിത്യ തയ്യാറാക്കിയ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിലാണ് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത്.

ഒട്ടേറെ ആഭ്യന്തരപ്രശ്നങ്ങൾ നിലനിൽക്കുമ്പോഴും ചൈന എന്തുകൊണ്ടാണ് ഇന്ത്യയ്ക്കെതിരെ ഇത്തരം നീക്കങ്ങൾ നടത്തുവാൻ കാരണം എന്ന ചോദ്യം ഉയരുക സ്വാഭാവികമാണ്. ചൈനയ്ക്കെതിരെ വെല്ലുവിളി ഉയർത്തുന്ന അമേരിക്കയോടും അതിന്റെ ജനാധിപത്യ സഖ്യകക്ഷികളോടും കൊവിഡ് സമയത്തും തങ്ങൾക്ക് ചെറുത്തുനിൽക്കാനാകുമെന്ന സന്ദേശം ചൈനയ്ക്ക് ലോകരാഷ്ട്രങ്ങളെ അറിയിക്കണമായിരുന്നു.

ആ ഉദ്ദേശ്യത്തോടെയാണ് ലഡാക്കിൽ ഇന്ത്യയ്ക്കെതിരെ സംഘർഷങ്ങൾ സൃഷ്ടിക്കാൻ ചൈന ഒരുമ്പെട്ടത്. ഏഷ്യയിൽ അമേരിക്കയുടെ ശക്തനായ പങ്കാളിയായിരിക്കുന്ന ഇന്ത്യയ്ക്കെതിരെ നടക്കുന്ന ഏതുനീക്കവും അമേരിക്കയ്ക്കുള്ള ചൈനയുടെ മുന്നറിയിപ്പ് കൂടിയാണെന്ന് ചൈന ആൻഡ് ഇന്ത്യോ പസഫിക് സുരക്ഷ എന്ന വിഷയത്തിൽ വിദഗ്ധനായ ഡോ. പാണ്ഢ അഭിപ്രായപ്പെടുന്നു. ഇന്ത്യയുടെ മേൽ മനഃശാസ്ത്രപരമായ മുൻതൂക്കം നിലനിർത്തുക എന്ന ലക്ഷ്യത്തോടെയാണ് അതിർത്തിയിൽ ചൈന അകാരണമായ പ്രകോപനം തുടരുന്നതെന്നും അദ്ദേഹം പറയുന്നു.

അടഞ്ഞ രാജ്യമായ ചൈനയിൽ ജനാധിപത്യരാജ്യങ്ങളിലെ പൗരന്മാർ അനുഭവിക്കുന്ന ഒരു സ്വാതന്ത്ര്യവും ഇല്ല. ചൈനയിൽ ഇന്റർനെറ്റ് നിരീക്ഷിക്കപ്പെടുകയും സെൻസർ ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്. കൊവിഡ് മരണ സംഖ്യ ഇപ്പോഴും എത്രയാണെന്ന് അവർ വെളിപ്പെടുത്തിയിട്ടില്ല. കൊവിഡ് മരണങ്ങളുടെ എണ്ണം കുറച്ചുകാണിക്കാൻ ചൈനീസ് ഭരണകൂടം ഡോക്ടർമാരെ നിർബന്ധിക്കുന്നുവെന്നും റിപ്പോർട്ടുണ്ട്.

കൊവിഡ് മരണങ്ങൾ മറച്ചുവയ്ക്കുക, മരണസർട്ടിഫിക്കറ്റിൽ കാരണം കാണിക്കുന്നത് ബോധപൂർവ്വം വൈകിക്കുക തുടങ്ങിയവയ്ക്ക് ഡോക്ടർമാരെ നിർബന്ധിതമാക്കുന്ന നടപടികളാണ് ഭരണകൂടം കൈക്കൊണ്ടിരിക്കുന്നത്. ലോകാരോഗ്യസംഘടന ചൈനയോട് കൊവിഡ് രോഗികൾ, മരണങ്ങൾ, വാക്സിനേഷൻ എന്നിവയുടെ കണക്കുകൾ കൃത്യമായി നൽകാൻ നിരന്തരം ആവശ്യപ്പെടുകയായിരുന്നുവെന്നും വോയ്സ് എഗെയ്ൻസ്റ്റ് ഓട്ടോക്രസിയുടെ റിപ്പോർട്ട് വ്യക്തമാക്കുന്നു. 2022 ഡിസംബർ ആദ്യം മുതൽ പകുതിവരെ മാത്രം 60,000 കോവിഡ് മരണങ്ങൾ ചൈനയിൽ ഉണ്ടായി എന്നാണ് കണക്ക്.

കൊവിഡ് ഉയർത്തിയ പ്രതിസന്ധികളിൽ നിന്ന് കരകയറാൻ ലോകത്തെ എല്ലാ രാഷ്ട്രങ്ങളും തീവ്ര ശ്രമങ്ങളാണ് നടത്തിവരുന്നത്. തൊഴിൽ- സാമ്പത്തിക മേഖലകളിലുണ്ടായ തിരിച്ചടികൾക്ക് ഇനിയും പല മേഖലകളിലും പരിഹാരമായിട്ടില്ല. 2008-09 കാലത്തെ ആഗോള സാമ്പത്തിക മാന്ദ്യ സമയത്തെ പിരിച്ചുവിടലിന്റെ ഇരട്ടിയാണ് തൊഴിൽ രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ചൈനയെന്നോ അമേരിക്കയെന്നോ ഉള്ള വ്യത്യാസങ്ങളില്ല. എന്നാൽ കൊവിഡാനന്തര മാന്ദ്യം ഇന്ത്യയെ അതിതീവ്രമായി ബാധിച്ചിട്ടില്ലായെന്ന



ഒരു വിലയിരുത്തൽ സാമ്പത്തിക വിദഗ്ധർക്കിടയിലുണ്ട്.

2030-ൽ ആകുമ്പോഴേക്കും ഇന്ത്യ ലോകത്തെ മൂന്നാമത്തെ വലിയ സാമ്പത്തികശക്തിയായി മാറുമെന്നാണ് എസ് ആൻഡ് പി ഗ്ലോബലും മോർഗൻ സ്റ്റാൻലിയും വിലയിരുത്തുന്നത്. 2024-25 സാമ്പത്തികവർഷത്തിൽ തന്നെ ഇന്ത്യ അഞ്ചുലക്ഷം കോടി ഡോളറിന്റെ സാമ്പത്തികശക്തിയായി മാറുമെന്ന് നിരീക്ഷിക്കപ്പെടുന്നു. ഒരു കാലത്ത് ചൈനയെ മാത്രം ആശ്രയിച്ചിരുന്ന ആഗോള കമ്പനികളിൽ മിക്കതും ഇന്ത്യയെ അവരുടെ ഉല്പാദനകേന്ദ്രമായി പരിഗണിച്ചുകഴിഞ്ഞു. ഇത് ഇന്ത്യയുടെ തൊഴിലവസരങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ലോകത്തെ വമ്പൻ ആഗോള കമ്പനികൾ ബൃഹദ് പദ്ധതികളുമായി ഇന്ത്യയിലേക്കെത്തുമ്പോൾ ഏഷ്യയിലെ ചൈനയുടെ ഉല്പാദനരംഗത്തെ മേൽക്കൈ നഷ്ടപ്പെടുകയാണ്. ഇങ്ങനെ ഒട്ടേറെ കാര്യങ്ങളാണ് ചൈനയെ അസ്വസ്ഥപ്പെടുത്തുന്നത്. ഇരുമ്ബുമറയ്ക്കുള്ളിൽ പുകയുന്ന വിദ്വേഷങ്ങളും അവർ നേരിടുന്ന ആഭ്യന്തര പ്രശ്നങ്ങളാണ്. ഇതിനൊക്കെയും മറയിടാനുള്ള തന്ത്രമായി ഇന്ത്യാ വിരോധവും അതിർത്തി സംഘർഷവും ചൈന തുടർന്നുകൊണ്ടിരിക്കും. പക്ഷേ, കാലത്തിന്റെ കാവ്യനീതി അവരും അനുഭവിച്ചേ പറ്റൂ.

**(വേൾഡ് ഹിന്ദു പാർലമെന്റ് ചെയർമാനും ഫൊക്കാന മുൻ പ്രസിഡന്റുമാണ് ലേഖകൻ)**

# കുടുങ്ങിക്കിടന്നത് 163 മണിക്കൂർ; ഒടുവിൽ തുരങ്കം നിർമിച്ച് രക്ഷപ്പെടുത്തൽ



അങ്കാറ: ഒരാഴ്ച മുമ്പ് തുർക്കിയിലും സിറിയയിലുമായുണ്ടായ ഭൂചലനങ്ങളിൽ 33,000 ലധികം പേർക്ക് ജീവഹാനി സംഭവിച്ചതായാണ് ഏറ്റവും പുതിയ കണക്കുകൾ വ്യക്തമാക്കുന്നത്. ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം ദിനംപ്രതി വർധിക്കുന്നതിനിടെ ദിവസങ്ങൾക്കും മണിക്കൂറുകൾക്കും ശേഷം കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ നിന്ന് ജീവിതത്തിലേക്ക് മടങ്ങിയെത്തുന്നവരുടെ കഥകളും ദുരന്തത്തിനിടയിൽ പ്രതീക്ഷ പകരുന്നുണ്ട്.

തകർന്നുവീണ കെട്ടിടത്തിന്റെ അവശേഷിപ്പുകൾക്കിടയിൽ ഏഴ് ദിവസം കുടുങ്ങിക്കിടന്ന ഒരു ചെറിയ ആൺകുട്ടിയും അറുപത്തിരണ്ടുകാരനുമാണ് ഏറ്റവും ഒടുവിൽ അദ്ഭുതകരമായി രക്ഷപ്പെട്ടവർ.

തെക്കുകിഴക്കൻ തുർക്കിയിലെ ഹത്തായ് പ്രവിശ്യയിലാണ് ഏഴ് വയസുകാരൻ മുസ്തഫയെ രക്ഷപ്പെടുത്തിയത്. ഹത്തായിൽ തന്നെയുള്ള നുർദഗിയിലാണ് നഫീസ് യിൽമാസിനെ രക്ഷാപ്രവർത്തകർ ജീവനോടെ കണ്ടെത്തിയത്. ഞായറാഴ്ച രാത്രി വൈകിയാണ് ഇരുവരേയും രക്ഷപ്പെടുത്തിയത്. അപ്പോഴേക്കും അപകടം നടന്ന് 163 മണിക്കൂർ പിന്നിട്ടിരുന്നു.

ഭൂകമ്പമുണ്ടായി അഞ്ച് ദിവസത്തിനുശേഷം ഒരു തുർക്കിക്കാരനെ കണ്ടെത്തി രക്ഷിക്കുന്നതിന്റെ വീഡിയോ ബ്രിട്ടനിൽ നിന്നുള്ള തിരച്ചിൽ സംഘത്തിലെ ഒരംഗം ടിറ്ററിൽ ഷെയർ ചെയ്തു. കെ

# വടക്കനമേരിക്കൻ ആകാശത്ത് വീണ്ടും അജ്ഞാത വസ്തു; യുഎസ് യുദ്ധവിമാനം വെടിവെച്ചിട്ടു, ഈ മാസം നാലാം തവണ

വാഷിങ്ടൺ: വടക്കൻ അമേരിക്കൻ ആകാശത്ത് അജ്ഞാത വസ്തു പ്രത്യക്ഷപ്പെടുന്നത് പതിവാകുന്നു. യു.എസ്. യുദ്ധവിമാനം വീണ്ടുമൊരു അജ്ഞാത വസ്തുകൂടി ഞായറാഴ്ച വെടിവെച്ചിട്ടു. യു.എസ്. കനേഡിയൻ അതിർത്തിയിലെ ഹുറോൺ തടാകത്തിനു മേലെയാണ് വസ്തു കണ്ടെത്തിയത്. യുഎസ് പ്രസിഡന്റ് ജോ ബൈഡൻ വെടിവെച്ചിടാൻ അനുമതി നൽകിയതിനെത്തുടർന്ന് എഫ്. 16 പോർവിമാനങ്ങളുപയോഗിച്ച് നിർവീര്യമാക്കുകയായിരുന്നു.

ചരടുകൾ തൂങ്ങിക്കിടക്കുന്ന വിധത്തിൽ അഷ്ടഭുജ ആകൃതിയിലാണ് പുതിയതായി കണ്ടെത്തിയ വസ്തു. അമേരിക്കൻ ഭൗമോപരിതലത്തിൽനിന്ന് ഏകദേശം ആറായിരം മീറ്റർ ഉയരത്തിലായിരുന്നു ഇതുണ്ടായിരുന്നത്. അമേരിക്കൻ നീക്കങ്ങളെ നിരീക്ഷിക്കാൻ കഴിയുന്നതാണോ വസ്തു എന്ന് ഉറപ്പിക്കാൻ യു.എസിന് കഴിഞ്ഞിട്ടില്ല. സംഭവത്തിനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്നതിന്റെ അടിസ്ഥാനത്തിലാണ് വെടിവെച്ചിട്ടതെന്ന് ഉന്നത വൃത്തങ്ങൾ അറിയിച്ചു.

റഡാർ വഴി വസ്തുവിനെ അമേരിക്ക നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആളുകളെ ദോഷകരമായി ബാധിക്കാതിരിക്കാനാണ് തടാകത്തിനു മുകളിലെത്തിയതിനു പിന്നാലെ വെടിവെപ്പ് നടത്തിയത്.

കഴിഞ്ഞദിവസം അലാസ്കൻ ആകാശത്ത് കണ്ടെത്തിയ അജ്ഞാതവസ്തു വെടിവെച്ചിട്ടതിനു പിന്നാലെ കാനഡയുടെ വ്യോമമേഖലയിലൂടെ പറന്ന അജ്ഞാതപേടകത്തെയും യു.എസ്. യുദ്ധവിമാനം തകർത്തിരുന്നു. യു.എസ്.-കാനഡ സംയുക്തദൗത്യത്തിന്റെ ഭാഗമായാണ് യു.എസ്. യുദ്ധവിമാനമായ എഫ്-22വിൽനിന്ന് തൊടുത്ത എ.ഐ.എം. 9 എക്സ് മിസൈൽ ശനിയാഴ്ച പേടകത്തെ വെടിവെച്ചിട്ടത്. ചെറിയ സിലിണ്ടർ ആകൃതിയുള്ള പേടകം കാനഡ-യു.എസ്. അതിർത്തിയിൽ നിന്ന് 160 കിലോമീറ്റർ അകലെയാണ് പതിച്ചത്.

അമേരിക്കൻ ഭൂഖണ്ഡത്തിൽ ദുരൂഹതയുണർത്തി ആകാശവസ്തുക്കൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ പേടകത്തെ വെടിവെച്ചിടാൻ താൻ ഉത്തരവിട്ടതായി കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ വ്യക്തമാക്കിയിരുന്നു. പേടകത്തിന്റെ അവശിഷ്ടങ്ങൾ പരിശോധിക്കുമെന്നും ട്രൂഡോ പറഞ്ഞു. ജനുവരി 30-ന് കാനഡയുടെ വ്യോമമേഖലയിൽ കണ്ടെത്തിയ ചൈനീസ് ചാരബലൂൺ ഫെബ്രുവരി നാലിന് യു.എസ്. വെടിവെച്ചിട്ടിരുന്നു. തുടർന്ന് കഴിഞ്ഞദിവസം അലാസ്കൻ ആകാശത്ത് കണ്ട അജ്ഞാതവസ്തുവിനെയും വെടിവെച്ചിട്ടു.

അതിനുശേഷമാണ് കാനഡയുടെ വ്യോമമേഖലയിൽ അജ്ഞാതവസ്തുവിനെ കണ്ടത്. അന്താരാഷ്ട്രനിയമങ്ങൾ ലംഘിച്ചുകൊണ്ട് 40,000 അടി ഉയരത്തിൽ പറന്ന പേടകം കാനഡയുടെ വ്യോമപാതയിൽ സുരക്ഷാഭീഷണിയുണ്ടാക്കിയെന്ന് കനേഡിയൻ പ്രതിരോധമന്ത്രി അനിതാ ആനന്ദ് വ്യക്തമാക്കി. ചാരബലൂൺ വിഷയത്തിൽ ചൈനയും യു.എസും തമ്മിൽ അഭിപ്രായഭിന്നത രൂക്ഷമായ പശ്ചാത്തലത്തിലാണ് അജ്ഞാതവസ്തുക്കൾ അമേരിക്കൻ ആകാശത്ത് വീണ്ടും പരിഭ്രാന്തി സൃഷ്ടിക്കുന്നത്.




# മുല്ലപ്പൂവിന് വിലയേറുന്നു; സത്യമംഗലം മാർക്കറ്റിൽ കിലോയ്ക്ക് 3,000 രൂപ

കോയമ്പത്തൂർ: മുല്ലപ്പൂവിന് വിപണിയിൽ കുത്തനെ വിലകൂടുകയാണ്. കഴിഞ്ഞ ദിവസം സത്യമംഗലം പൂമാർക്കറ്റിൽ മുല്ലപ്പൂവിന് കിലോഗ്രാമിന് വില 3,000 രൂപവരെയായി. രണ്ടാഴ്ചമുമ്പ് കിലോഗ്രാമിന് 1,300 രൂപയായിരുന്നു വില.

പൂക്കൃഷിക്ക് പേരുകേട്ട സ്ഥലമാണ് സത്യമംഗലം. ഇവിടെ ആയിരക്കണക്കിന് ഏക്കറിൽ മുല്ല, ജമന്തി, കോഴിച്ചൂട്ട, വാടാമല്ലി, കനകാംബരം, റോസ് തുടങ്ങിയവ കൃഷിചെയ്യുന്നുണ്ട്. കേരളം, കർണാടക സംസ്ഥാനങ്ങളിലേക്കും സമീപജില്ലകളായ കോയമ്പത്തൂർ, തിരുപ്പൂർ എന്നിവിടങ്ങളിലേക്കുമാണ് പ്രധാനമായും പൂക്കൾ അയക്കുന്നത്.

തൈപ്പൊങ്കൽ ആഘോഷം തുടങ്ങിയതുമുതൽ മുല്ലപ്പൂവിന് വില കൂടുന്നുണ്ടായിരുന്നു. വിവാഹസീസൺകൂടി തുടങ്ങിയതോടെ ഓരോദിവസവും വില കയറാൻ തുടങ്ങി.

മഞ്ഞുവീഴ്ചമൂലം പലയിടത്തും ഉത്പാദനം കുറഞ്ഞു. ചെടികൾ നശിക്കാനും തുടങ്ങി. ഡിമാൻഡ് കൂടുന്നതിനനുസരിച്ച് പൂക്കൾ കിട്ടാതായതോടെയാണ് വില പെട്ടെന്ന് കൂടാൻ തുടങ്ങിയത്. കോയമ്പത്തൂർ മാർക്കറ്റിൽ സത്യമംഗലത്തുനിന്നാണ് കൂടുതൽ പൂക്കൾ വരുന്നത്. ഇവിടെയും 3,000 രൂപയിൽക്കൂടുതലാണ് മുല്ലപ്പൂവിന്റെ വില. ഉത്പാദനം കൂടുന്നതുവരെ വിലക്കയറ്റം തുടരുമെന്നാണ് പറയുന്നത്.



സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ഉല്ലാസത്തിനു ഇറങ്ങിയതിലെ പിഴവ്

കോന്നി താലൂക്ക്ഓഫീസ്ജീവനക്കാർ കൂട്ടഅവധിയെടുത്ത് ഉല്ലാസയാത്രയ്ക്ക് പോയ സംഭവത്തിൽ നടക്കുന്ന അന്വേഷണത്തിലും തുടർനടപടികളിലും വിട്ടുവീഴ്ച ഉണ്ടാകരുത്. ജീവനക്കാർ സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമായാണ് അവധിയും യാത്രയും സംഘടിപ്പിച്ചതെങ്കിൽ അതീവ ഗുരുതര തെറ്റാണ് അവർ ചെയ്തത്. അതിലുപരി ഓഫീസിന്റെ പ്രവർത്തനം താളംതെറ്റിയതോടെ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടിനു അവർ നടപടി നേരിട്ടേപറ്റൂ. സർക്കാർ ജീവനക്കാരുടെ ജോലിയോടുള്ള ആത്മാർത്ഥത സംബന്ധിച്ചു പൊതുജനങ്ങൾക്കിടയിൽ സംശയവും ആക്ഷേപവും നിലനിൽക്കേയാണ് ഇത്തരത്തിൽ ഒരു കൂട്ടഅവധിയും വിനോദയാത്രയും ഉണ്ടായത്. തികഞ്ഞ ഉത്തരവാദിത്വത്തോടെ തങ്ങളുടെ കടമകൾ നിർവഹിക്കുന്ന ജീവനക്കാരെ അടക്കം പ്രതിക്കൂട്ടിലാക്കുകയാണ് ഇവർ ചെയ്തത്. തോന്നിയതുപോലെ ജോലിക്ക് വരികയും പോകുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഇനിയെങ്കിലും നിലക്കുനിർത്താൻ കഴിഞ്ഞില്ലെങ്കിൽ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയ്ക്കാകും മങ്ങലേൽക്കുക. വിനോദയാത്രയ്ക്ക് നേതൃത്വം നൽകിയത് ഓഫീസ് മേധാവികൂടിയായ തഹസിൽദാരാണെന്ന വാർത്തയും പുറത്തുവരികയുണ്ടായി. ആകെ 63 പേരുള്ള ഓഫീസിൽനിന്ന് 20 പേർ അവധിയെടുത്തും 19 പേർ അവധി അപേക്ഷ പോലും നൽകാതെയും വിനോദയാത്രയിൽ പങ്കെടുത്തതായാണു വിവരം. ഇത്രയധികം പേർക്ക് ഒരുമിച്ച് എങ്ങനെ അവധി ലഭിച്ചു?. അവധി അപേക്ഷ നൽകാൻ പോലും തയാറാകാതെ മുങ്ങിയവരെ ആർക്കാണു ന്യായീകരിക്കാൻ കഴിയുക?. പൊതുസമൂഹത്തിൽനിന്ന് ഇവർക്കെതിരേ കടുത്ത വിമർശനമാണ് ഉയരുന്നത്. റവന്യൂ മന്ത്രി കെ. രാജൻ, കോന്നി എം.എൽ.എ കെ.യു. ജനീഷ്കുമാർ അടക്കം സംഭവത്തിൽ ഇടപെട്ടിട്ടും ജീവനക്കാർ യാതൊരു കൂസലും ഇല്ലാതെ വിനോദയാത്ര തുടർന്നതും ജനങ്ങൾ അത്ഭുതത്തോടെയാണു കണ്ടത്. ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടും വിഷയത്തിന്റെ ഗൗരവവും മനസിലാക്കി ഇടപെട്ട എം.എൽ.എക്കെതിരേ ചില സർവീസ് സംഘടനകളും സി.പി.ഐ. നേതാക്കളും രംഗത്തുവരികയുണ്ടായി. എം.എൽ.എ. വിഷയത്തിൽ ഇടപെട്ട രീതിയെയും അദ്ദേഹത്തിനു അതിനുള്ള യോഗ്യതയേയും പലരും ചോദ്യംചെയ്തു. ജനങ്ങൾക്കുവേണ്ടി സംസാരിക്കാൻ ചുമതലപ്പെടുത്തിയ ഒരാളെ ചോദ്യം ചെയ്യാൻ നിങ്ങൾക്കാരാണ് അധികാരം നൽകിയത് എന്നുള്ള ചോദ്യമാണു ജനപക്ഷത്തുനിന്നു തിരിച്ചു ചോദിക്കാനുള്ളത്. തെറ്റായ നടപടികളെ ചോദ്യം ചെയ്യാൻ മുതിരുന്നവരെ ആരോപണങ്ങളിലൂടെ ആക്രമിക്കുന്നത് എന്തു സംഘടനാ പ്രവർത്തനമാണ്?.

ജീവനക്കാരുടെ നടപടിയിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അന്വേഷിച്ച് നടപടിയെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണു സർവീസ് സംഘടനകളും പാർട്ടി നേതാക്കളും യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത് പക്ഷം ചേർന്നുള്ള ന്യായീകരണങ്ങളും തെറ്റ് ചെയ്തവരെ വെള്ളപൂശാനുള്ള ശ്രമങ്ങളും ഈ നാടിന്റെ നിത്യശാപമാണ്. ഈയൊരു വിഷയത്തിലും അതു തുടരുന്നത് നിർഭാഗ്യകരം. ജീവനക്കാരുടെ കൂട്ടഅവധിയുമായി ബന്ധപ്പെട്ട മാധ്യമ വാർത്തകളെ വിമർശിക്കുന്നവർക്കും എം.എൽ.എക്ക് എതിരേ വാളോങ്ങുന്നവർക്കും ഒരേ ലക്ഷ്യം തന്നെ. ഉദ്യോഗസ്ഥരുടെ കൂട്ട അവധി സംസ്ഥാനമാകെ ചർച്ച ചെയ്യപ്പെടുന്നു. ഇവർക്ക് ഒത്താശ ചെയ്യുന്ന സമീപനം ഇനിയും നേതാക്കൾ തുടരുന്നത് റവന്യൂ വകുപ്പിന്റെ പ്രതിച്ഛായ തകർക്കാനേ സഹായിക്കൂ. സർക്കാരിന് ഈ വിഷയത്തിൽ ആത്മാർത്ഥത ഉണ്ടെങ്കിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയ ജീവനക്കാർക്കെതിരേ നടപടി ആലോചിക്കണം./>ഇത്തരം കൂട്ട അവധികൾ കോന്നി ഓഫീസിലെ മാത്രം കാര്യമല്ല. എന്തെല്ലാം കാര്യങ്ങൾക്കായാണ് സർക്കാർ ഓഫീസുകളിൽ കൂട്ട അവധികൾ സംഭവിക്കുന്നത്. അപ്പോഴെല്ലാം ജനരോഷം ഉയരുകയും ക്രമേണ കെട്ടടങ്ങുകയുമാണ് ചെയ്യാറ്. അത്തരം പതിവുകൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ ഇടപെടലിനുള്ള മികച്ച അവസരമാണു ലഭിച്ചിരിക്കുന്നത്. സർക്കാർ ഓഫീസുകൾ ജനദ്രോഹ ഓഫീസുകളായി മാറുന്നു എന്ന പ്രതിപക്ഷ ആക്ഷേപം ശക്തമാകുകയാണ്

സർക്കാർ ഓഫീസുകളിൽ പഞ്ചിങ് സംവിധാനം കൊണ്ടുവന്നപ്പോൾ സാമൂഹിക മാധ്യമങ്ങളിലെ ട്രോളുകളിൽ നിറഞ്ഞ ഒരു വസ്തുതയുണ്ട്. ഇനിമുതൽ ജീവനക്കാർ ഏറെ പ്രയാസപ്പെടേണ്ടി വരും എന്നായിരുന്നു എല്ലാത്തിന്റെയും ധ്വനി. സമയത്തിന് ഓഫീസിൽ വരാതെയും കാര്യങ്ങൾ ചെയ്യാതെയും മുങ്ങി നടക്കുന്നവർക്ക് വിനയാകുമെന്ന് വിലയിരുത്തപ്പെട്ടു. പഞ്ചിംഗും പരിശോധനകളും സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർധിപ്പിക്കുമെന്ന് കരുതിയവരെയും വിഡ്ഢികളാക്കുന്നതായി ഈയൊരു വിനോദയാത്ര. ജനസേവനത്തിന് ഉത്തരവാദിത്വപ്പെട്ടവർ അതു മറന്ന് ഉല്ലാസത്തിനു ഇറങ്ങിയതിലെ പിഴവ് ജീവനക്കാരെ കൃത്യമായി ബോധ്യപ്പെടുത്താൻ സർക്കാരിന് കഴിയുമെന്നു പ്രതീക്ഷിക്കട്ടെ. യാഥാർത്ഥ്യം ഭരണാധികാരികൾ മനസിലാക്കേണ്ടതാണ്

## വിശ്വനാഥന്റെ ശരീരത്തിൽ ആറ് മുറിവുകൾ; ആൾക്കൂട്ട ആക്രമണത്തിന് തെളിവില്ല എന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്

കോഴിക്കോട്: സർക്കാർ മെഡിക്കൽ കോളേജ് പരിസരത്ത് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ ആദിവാസി യുവാവ് വിശ്വനാഥന്റെ (46) പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ നിർണായക വിവരങ്ങൾ പുറത്ത്.ആൾക്കൂട്ട മർദ്ദനത്തിന്റെ സാദ്ധ്യത തള്ളിക്കളയുന്നതാണ് പോസ്റ്റ്മോർട്ടത്തിലെ പ്രാഥമിക വിവരങ്ങൾ. വിശ്വനാഥന്റേത് ആത്മഹത്യയാണെന്നാണ് നിഗമനം.ആരോപണപ്രകാരം ആൾക്കൂട്ട മർദ്ദനം തെളിയിക്കുന്ന വിധത്തിലുള്ള മുറിവുകളോ പാടുകളോ ഒന്നും ശരീരത്തിൽ നിന്നും കണ്ടെത്തിയിട്ടില്ല എന്നാണ് ഫൊറൻസിക് സർജന്റെ മൊഴി. വിശ്വനാഥന്റെ ശരീരത്തിൽ ആറ് മുറിവുകളുണ്ടായിരുന്നു. എന്നാലത് ആത്മഹത്യ ചെയ്ത മരത്തിൽ ഉരഞ്ഞ് ഉണ്ടായതാണെന്നാണ് ഡോക്ടറുടെ കണ്ടെത്തൽ. സംഭവത്തിൽ ശാസ്ത്രീയമായ അന്വേഷണം തുടരുകയാണെന്ന് സിറ്റി പൊലീസ് കമ്മീഷണർ അറിയിച്ചു.ഭാര്യയുടെ പ്രസവത്തിനായി മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിയ കൽപ്പറ്റ വെള്ളാരംകുന്ന് അഡ്‌ലേഡ് പാറവയൽ കോളനിയിൽ വിശ്വനാഥനെയാണ് കഴിഞ്ഞ ദിവസം തൂങ്ങിമരിച്ച നിലയിൽ കണ്ടത്. മോഷണക്കുറ്റം ആരോപിച്ച് ആൾക്കൂട്ടം വിശ്വനാഥനെ മർദ്ദിച്ചിരുന്നു. ഇതിന് ശേഷമാണ് യുവാവിനെ മരിച്ചനിലയിൽ കണ്ടത്. വിശ്വനാഥൻ ആത്മഹത്യ ചെയ്യില്ലെന്നും മർദ്ദിച്ച് കൊലപ്പെടുത്തിയതാണെന്നുമായിരുന്നു ബന്ധുക്കളുടെ ആരോപണം. സുരക്ഷാ കവാടത്തിൽവച്ച് വിശ്വനാഥനെ ചോദ്യംചെയ്ത സുരക്ഷാ ജീവനക്കാർക്കെതിരെ ബന്ധുക്കൾ പരാതിയും നൽകിയിട്ടുണ്ട്.കഴിഞ്ഞ വെള്ളിയാഴ്ച പുലർച്ചയോടെയാണ് വിശ്വനാഥനെ കാണാതായത്. അന്ന് രാവിലെതന്നെ മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷനിൽ പരാതിനൽകാൻ പോയപ്പോൾ മദ്യപിച്ച്പ്രശ്നമുണ്ടാക്കാൻ വന്നതാണോ എന്ന് പൊലീസ് ചോദിച്ചതായും ബന്ധുക്കൾ ആരോപിക്കുന്നു. എന്നാൽ മരണത്തിൽ ദുരൂഹതയില്ലെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ആത്മഹത്യയെന്നാണ് ഉള്ളതെന്നും ആശുപത്രിയിലെ സിസിടിവി ദൃശ്യങ്ങളിൽ ആൾക്കൂട്ട മർദ്ദനമില്ലെന്നുമാണ് മെഡിക്കൽ കോളേജ് പൊലീസ് വിശദീകരിക്കുന്നത്.

അതേസമയം മരിച്ച വിശ്വനാഥന്റെ കുടുംബത്തിന് സംസ്ഥാന സർക്കാർ ധനസഹായം പ്രഖ്യാപിച്ചു. രണ്ട് ലക്ഷം രൂപയാണ് അനുവദിച്ചത്. കേസന്വേഷണം നീതിയുക്തമായി പൂർത്തിയാക്കുമെന്ന് മന്ത്രി കെ രാധാകൃഷ്ണൻ അറിയിച്ചു

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.

# തൃശ്ശൂരിൽ ലോറിക്ക് പിന്നിൽ ബൈക്കിടിച്ചു; കമ്പി കുത്തിക്കയറി 21 കാരന് ദാരുണാന്ത്യം



തൃശ്ശൂർ: ചെമ്പൂത്രയിൽ കമ്പി കയറ്റിയ ലോറിക്ക് പിന്നിൽ ബൈക്ക് ഇടിച്ച് യുവാവിന് ദാരുണാന്ത്യം. ബൈക്ക് യാത്രികനായ പുതുക്കോട് മണപ്പാടം സ്വദേശി ശ്രീശൈലം വീട്ടിൽ ശൈലേശൻ മകൻ ശ്രദ്ധേഷ് (21) ആണ് മരിച്ചത്. തിങ്കളാഴ്ച വൈകീട്ട് 4.15ന് പാലക്കാട് ഭാഗത്തേക്കുള്ള ദേശീയപാതയിലാണ് അപകടം ഉണ്ടായത്. കമ്പി കയറ്റിയ ലോറി പട്ടിക്കാട് ദേശീയപാത ആരംഭിക്കുന്ന ഭാഗത്ത് നിർത്തിയിട്ടിരിക്കുകയായിരുന്നു. ഇതിന് പിന്നിലാണ് ബൈക്ക് യാത്രികൻ ഇടിച്ചുകയറിയത് അപകടം ഉണ്ടായ ഉടൻ പീച്ചി പോലീസ് സ്ഥലത്തെത്തി പോലീസ് വാഹനത്തിൽ തന്നെ ഇയാളെ തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു. വാഹനത്തിൽ ഇരുമ്പ് കമ്പികൾ പോലുള്ളവ കൊണ്ടുപോകുമ്പോൾ ഉണ്ടാകേണ്ട അപകട മുന്നറിയിപ്പ് സംവിധാനങ്ങളോ വാഹനം നിർത്തിയിട്ടിരിക്കുകയാണെന്ന അപകടസൂചനയോ വാഹനത്തിലോ പ്രദേശത്തോ ഉണ്ടായിരുന്നില്ല. ഇതാണ് അപകടത്തിന് വഴിയൊരുക്കിയതെന്ന് നാട്ടുകാർ ആരോപിച്ചു. വാഹനത്തിന്റെ ടാർപ്പായ പറന്നുപോയത് എടുക്കാനാണ് വാഹനം ദേശീയപാതയിൽ നിർത്തിയതെന്നാണ്

# കേരളത്തിന്റെ പിടിപ്പുകേടിന് കേന്ദ്രത്തെ പഴിച്ചിട്ട് കാര്യമില്ല; കേന്ദ്ര വിഹിതം കുറവെങ്കിൽ മുഖ്യമന്ത്രി

കോഴിക്കോട്: കേന്ദ്ര വിഹിതം കുറവെങ്കിൽ മുഖ്യമന്ത്രി ഡൽഹിയിൽ പോയി സമരം ചെയ്യാത്തതെന്തെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ.

'വലിയ തോതിൽ നികുതി ഭാരമാണ് സംസ്ഥാന സർക്കാർ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നത്. മുഖ്യമന്ത്രിയും ധനമന്ത്രിയും പാർട്ടി സെക്രട്ടറിയും കള്ളം പറയുകയാണ്. കേരളത്തിന് അർഹമായ തുക ലഭിക്കാനുണ്ടെങ്കിൽ എന്തുകൊണ്ടാണ് സർക്കാർ രേഖാമൂലം കേന്ദ്രത്തോട് ആവശ്യപ്പെടാത്തത്? കേരളത്തിലെ എംപിമാർ എന്തുകൊണ്ട് പാർലമെന്റിൽ പ്രതികരിക്കുന്നില്ല? സംസ്ഥാനത്തിന്റെ പിടിപ്പുകേടിന് കേന്ദ്രത്തിനെ പഴിചാരിയിട്ട് കാര്യമില്ല.'

'കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്ന നികുതി വിഹിതത്തിന്റെ ഒരു ഭാഗം സംസ്ഥാനങ്ങൾ വിതരണം ചെയ്യുന്നത് ധനകാര്യ കമ്മീഷന്റെ നിർദേശപ്രകാരമാണ്. മോദി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പതിനാലാം ധനകാര്യ കമ്മീഷൻ 41% സംസ്ഥാനങ്ങൾക്ക് വകയിരുത്തുന്നു. ബിജെപി ഭരിക്കുന്നത് കൊണ്ട് മാത്രം സംസ്ഥാനങ്ങൾക്ക് പ്രത്യേകിച്ച് ഒന്നും കൊടുക്കാനാവില്ല. കണക്ക് നോക്കിയാൽ ശരാശരിയിലും കുറവാണ് ബിജെപി സർക്കാരുകൾക്കുള്ളതെന്ന് ബോദ്ധ്യമാവും. യുപിയ്ക്ക് യുപിഎ സർക്കാർ കൊടുത്തതിനേക്കാൾ കുറവാണ് ഇപ്പോൾ ലഭിക്കുന്നത്. '

'സംസ്ഥാനം കേന്ദ്രത്തിന് കൃത്യമായ രേഖകൾ നൽകുന്നില്ലെന്ന് പാർലമെന്റിൽ കേന്ദ്ര ധനമന്ത്രി വ്യക്തമാക്കിയിരിക്കുകയാണ്. 780 കോടി ജിഎസ്ടി കൗൺസിൽ നൽകാനുണ്ടെന്നിരിക്കെ 20,000 കോടിയുടെ കുടിശിക നൽകാനുണ്ടെന്ന വ്യാജ പ്രചരണമാണ് ധനമന്ത്രി നടത്തുന്നത്. 2,000 കോടി വിലക്കയറ്റം പിടിച്ചു നിർത്താൻ ബജറ്റിൽ മാറ്റി വെച്ച സംസ്ഥാന സർക്കാർ 750 കോടി അധികം കിട്ടാൻ രണ്ട് രൂപ സെസ് ഏർപ്പെടുത്തി. സെസ് ഒഴിവാക്കിയാൽ തന്നെ വിലക്കയറ്റം നിയന്ത്രിക്കാമെന്നിരിക്കെ എന്തിനാണീ പൊറോട്ട് നാടകം. കേരള ബജറ്റ് പ്രകാരം റവന്യൂ ഇൻകം 1,36,427 കോടി രൂപയും മൂലധന നിക്ഷേപം 14,606 കോടി രൂപയുമാണ്. ഇതേ തുകയുടെ അത്ര രൂപ 1.33 ലക്ഷം കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മാത്രം കേരളത്തിന് നൽകി. എന്നിട്ടും കേന്ദ്രം കേരളത്തെ അവഗണിക്കുന്നുവെന്ന് പറയാൻ ബാലഗോപാലിന് മാത്രമേ സാധിക്കൂ.'

'2009 മുതൽ 2014 വരെ യുപിഎ സർക്കാർ കേരളത്തിന് നൽകിയത് 55,058 കോടിയാണെങ്കിൽ 2017 മുതൽ 22 വരെ 2,29,844 കോടി രൂപ മോദി സർക്കാർ കേരളത്തിന് അനുവദിച്ചു. കോൺഗ്രസ് സർക്കാർ അനുവദിച്ചതിന്റെ നാലിരട്ടി ബിജെപി സർക്കാർ കേരളത്തിന് അനുവദിച്ചു എന്നതാണ് വാസ്തവം. ഏറ്റവും കൂടുതൽ റെവന്യൂ ഡെഫസിറ്റ് ഗ്രാൻഡ് ലഭിക്കുന്നത് കേരളത്തിനാണ്. 53,000 കോടിയിലധികമാണ് സംസ്ഥാനത്തിന് അനുവദിച്ചത്. കേന്ദ്രം കേരളത്തെ അവഗണിക്കുന്നുവെങ്കിൽ പിണറായി വിജയൻ ഡൽഹിയിൽ പോയി സമരം ചെയ്യട്ടെയെന്നും കെ സുരേന്ദ്രൻ പറഞ്ഞു.'

'യുഡിഎഫ് എന്തിനാണ് ഇടത് സർക്കാരിന് കുടപിടിക്കുന്നതെന്ന് മനസിലാവുന്നില്ല. രാഹുൽ ഗാന്ധി വയനാടിന് വേണ്ടി എന്ത് ചെയ്തു. സ്ഥലം എംപിയായ രാഹുൽ കേന്ദ്രം ആസ്പിരേഷൻ ജില്ലയായി പ്രഖ്യപിച്ച വയനാട്ടിലെ ഒരു യോഗത്തിന് പോലും പങ്കെടുത്തിട്ടില്ല. മഹാഭൂരിപക്ഷം പട്ടിക വിഭാഗക്കാർ താമസിക്കുന്ന മണ്ഡലത്തിന് വേണ്ടി അദ്ദേഹം ഒന്നും ചെയ്യുന്നില്ല. രാഹുലിനെതിരെ ഡിവൈഎഫ്ഐയും മിണ്ടുന്നില്ല. കേരളം സുരക്ഷിതമല്ലെന്ന് അമിത്ഷാ പറഞ്ഞത് സത്യമാണ്. പിഎഫ്ഐയെ പറഞ്ഞാൽ പിണറായിക്ക് പൊള്ളുന്ന

# എൽ ടി ടി ഇ സ്ഥാപകൻ വേലുപ്പിള്ള പ്രഭാകരൻ മരിച്ചിട്ടില്ല, വെളിപ്പെടുത്തൽ അദ്ദേഹത്തിന്റെ അറിവോടെയെന്ന് പി നെടുമാരൻ



**ചെന്നൈ**: ലിബറേഷൻ ടൈഗേഴ്സ് ഒഫ് തമിഴ് ഈഴത്തിന്റെ (എൽ ടി ടി ഇ) സ്ഥാപകനും തലവനുമായിരുന്ന വേലുപ്പിള്ള പ്രഭാകരൻ മരിച്ചിട്ടില്ലെന്ന് വെളിപ്പെടുത്തൽ. വേൾഡ് ഫെഡറേഷൻ ഒഫ് തമിഴ് സംഘടനയുടെ പ്രസിഡന്റ് പി നെടുമാരനാണ് ഇക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നത്. ശ്രീലങ്കയിൽ രാജപക്സെ ഭരണം അവസാനിച്ചതിനാലാണ് വെളിപ്പെടുത്തൽ നടത്തുന്നതെന്ന് നെടുമാരൻ പറഞ്ഞു. തഞ്ചാവൂരിൽ മാദ്ധ്യമങ്ങളോടാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. പ്രഭാകരൻ ആരോഗ്യവാനാണ്. അദ്ദേഹത്തിന്റെ അറിവോടെയാണ് ജീവിച്ചിരിപ്പുണ്ടെന്ന വിവരം പുറത്തുവിടുന്നത്. തന്റെ കുടുംബം പ്രഭാകരനുമായി ബന്ധം പുലർത്തുന്നുണ്ട്. എന്നാൽ അദ്ദേഹം നിലവിൽ എവിടെയാണെന്ന് പറയാനാകില്ല. പ്രഭാകരന്റെ കുടുംബത്തിന്റെ അനുമതിയോടെയാണ് ഇക്കാര്യങ്ങൾ തുറന്നുപറയുന്നത്. തമിഴ് ഈഴം സംബന്ധിച്ച പദ്ധതി തക്കസമയത്ത് പ്രഭാകരൻ വിശദമാക്കുമെന്നും നെടുമാരൻ കൂട്ടിച്ചേർത്തു. 2009 മേയ് 18നാണ് വേലുപ്പിള്ള പ്രഭാകരൻ കൊല്ലപ്പെട്ടതായി ശ്രീലങ്കൻ സേന അവകാശപ്പെട്ടത്. മേയ് 19ന് മൃതദേഹത്തിന്റെ ചിത്രങ്ങൾ ലങ്കൻ സേന പുറത്തുവിടുകയും ചെയ്തിരുന്നു. വേലുപ്പിള്ളയുടെ മൃതദേഹം മുൻ സഹപ്രവർത്തകൻ മുരളീധരൻ തിരിച്ചറിഞ്ഞുവെന്ന് വ്യക്തമാക്കിയായിരുന്നു ചിത്രങ്ങൾ പ്രസിദ്ധീകരിച്ചത്

# ജീവിതത്തിൽ നിങ്ങൾക്ക് എന്ത് വിഷമമുണ്ടെങ്കിലും വിളിക്കാം, ജനങ്ങളുടെ സങ്കടമൊപ്പാൻ പദ്ധതിയുമായി മുഖ്യമന്ത്രി

**അമരാവതി:** ജനങ്ങളുടെ വിഷമതകൾ പരിഹരിക്കേണ്ട ഉത്തരവാദിത്തമെന്നത് ഏതൊരു ഭരണാധികാരിയേയും സംബന്ധിച്ചിടത്തോളം പ്രഥമമാണ്. ജനാധിപത്യ സംവിധാനത്തിൽ ഈ ഉത്തരവാദിത്തം ഉറപ്പുവരുത്തേണ്ടത് സംസ്ഥാനത്തിന്റെ ഭരണത്തലവനായ മുഖ്യമന്ത്രിയാണ്. ആന്ധ്രാപ്രദേശ് സർക്കാർ അത്തരത്തിലൊരു തീരുമാനം കൈക്കൊള്ളാൻ ഒരുങ്ങുകയാണ്. മുഖ്യമന്ത്രി ജഗൻ മോഹൻ റെഡ്ഡിയുടേതാണ് തീരുമാനം. ''ജഗനോട് സംസാരിക്കാം'' എന്നതാണ് പദ്ധതിയുടെ പേര്. പ്രത്യേകം ഉദ്യോഗസ്ഥ സംഘത്തെ ഇതിനായി നിയോഗിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ പാർട്ടിയുടെയും മുഖ്യമന്ത്രിയുടെയും ഇമേജ് വർദ്ധിപ്പാക്കാൻ പരിപാടി സഹായിക്കുമെന്നാണ് വിലയിരുത്തൽ. മുഖ്യമന്ത്രിയുടെ അടുത്ത് സങ്കടവുമായി എത്തുന്നയാൾക്ക് അത് ഉടൻ പരിഹരിക്കപ്പെട്ടു എന്ന് ഉറപ്പാക്കുകയും, തുടർന്ന് സർക്കാരിൽ അയാളുടെ വിശ്വാസം ഉറപ്പാക്കുകയുമാണ് ലക്ഷ്യം.

# മുഖ്യമന്ത്രിയ്ക്ക് സുരക്ഷ; കുഞ്ഞിന് മരുന്നുവാങ്ങാൻ പോയ പിതാവിനെ പൊലീസ് തടഞ്ഞതായി പരാതി,

കൊച്ചി: മുഖ്യമന്ത്രിയുടെ സുരക്ഷയുടെ പേരിൽ മകന് മരുന്നുവാങ്ങാൻ പോയ പിതാവിനെ പൊലീസ് വഴിയിൽ തടഞ്ഞതായി പരാതി. കാലടി കാഞ്ഞൂരിൽ ഇന്നലെ വൈകിട്ട് അഞ്ചരയോടെയായിരുന്നു സംഭവം നടന്നത്. ഇന്ധന സെസിൽ പ്രതിഷേധം ശക്തമാകുന്നതിനിടെ കഴിഞ്ഞദിവസം മുതൽ മുഖ്യമന്ത്രിയുടെ സുരക്ഷ വർദ്ധിപ്പിച്ചിരുന്നു. നെടുമ്പാശേരി വിമാനത്താവളത്തിൽ പോയി മടങ്ങുന്നതിനിടെ കോട്ടയം സ്വദേശിയായ ശരത്തിന്റെ നാല് വയസുകാരനായ മകന് പനി ശക്തമാവുകയായിരുന്നു. ഞായറാഴ്ചയായതിനാൽ മെഡിക്കൽ സ്റ്റോറുകൾ മിക്കവാറും അടച്ചിരുന്നു. ഏറെ അന്വേഷണത്തിനൊടുവിലാണ് കാഞ്ഞൂരിലെ കട കണ്ടെത്തിയത്. എന്നാൽ മരുന്നുവാങ്ങാൻ വാഹനം നിർത്താൻ നോക്കിയപ്പോൾ പൊലീസ് അനുവദിച്ചില്ല. അതുവഴി മുഖ്യമന്ത്രിയുടെ വാഹന വ്യൂഹം കടന്നുപോകുമെന്നായിരുന്നു പൊലീസിന്റെ വിശദീകരണം. പൊലീസിന്റെ നിർദേശപ്രകാരം വാഹനവുമായി ഒരുകിലോമീറ്ററോളം മുന്നോട്ടുപോയെങ്കിലും മറ്റൊരു മെഡിക്കൽ ഷോപ്പ് കണ്ടെത്താനായില്ല. തുടർന്ന് തിരികെ കാഞ്ഞൂരിലെ കടയിൽതന്നെ എത്തുകയായിരുന്നു. ഇതിനിടെ നേരത്തെ ഡ്യൂട്ടിയിലുണ്ടായിരുന്ന എസ് ഐ അടുത്തെത്തി തട്ടിക്കയറുകയായിരുന്നെന്ന് ശരത് പറയുന്നു. ശരത്തിനെയും സഹോദരനെയും എസ് ഐ ശകാരിക്കുന്നതുകണ്ട മെഡിക്കൽ ഷോപ്പ് ഉടമ മത്തായി സംഭവത്തിൽ



ഇടപ്പെട്ടപ്പോൾ കടമ അടച്ചുപൂട്ടിക്കുമെന്ന് പൊലീസ് ഭീഷണിപ്പെടുത്തിയതായും പരാതിയിൽ പറയുന്നു. സംഭവത്തിൽ ശരത് മുഖ്യമന്ത്രിയ്ക്കും ആലുവ പൊലീസ് മേധാവിയ്ക്കും പരാതി നൽകിയിരിക്കുകയാണ്

# ബൈക്ക് അഭ്യാസത്തിനിടെ വഴിയാത്രക്കാരിയെ ഇടിച്ച്തെറിപ്പിച്ചു

**തിരുവനന്തപുരം:** അപകടകരമായ രീതിയിൽ ബൈക്കഭ്യാസം നടത്തിയതിനുൾപ്പടെ ഏഴുതവണ മോട്ടോർ വാഹന വകുപ്പ് പിഴചുമത്തിയിട്ടും കൂസാതെ വീണ്ടും ബൈക്ക് അഭ്യാസം നടത്തിയ യുവാവ് വഴിയാത്രക്കാരിയെ ഇടിച്ചുതെറിപ്പിച്ചു. തിരുവനന്തപുരം കല്ലമ്പലം സ്വദേശി നൗഫലാണ് അപകടമുണ്ടാക്കിയത്. തോട്ടയ്ക്കാടുവച്ചുണ്ടായ അപകടത്തിൽ പെൺകുട്ടിക്കും നൗഫലിനും പരിക്കേറ്റു.നൗഫലിന്റെ കൈയ്ക്കേറ്റ പരിക്ക് ഗുരുതരമാണ്. അപകടത്തിന്റെ സി സി ടി വി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. പെൺകുട്ടികളുടെ ശ്രദ്ധനേടാനും സോഷ്യൽ മീഡിയയിലെ താരമാകാനുമാണ് നൗഫൽ ബൈക്ക് അഭ്യാസം നടത്തുന്നത്. അമിതവേഗത്തിൽ ബൈക്കോടിച്ചെത്തിയ നൗഫൽ റോഡിലൂടെ പെൺകുട്ടികൾ പോകുന്നത് കണ്ട് ബൈക്കിന്റെ മുൻഭാഗം ഉയർത്താൻ ശ്രമിച്ചപ്പോൾ നിയന്ത്രണം തെറ്റി മറിഞ്ഞ് വഴിയാത്രക്കാരിയെ ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. അപകടമുണ്ടാക്കിയ ബൈക്ക് നാട്ടുകാർ പൊലീസിന് കൈമാറിയിട്ടുണ്ട്. എന്നാൽ പെൺകുട്ടിയോ ബന്ധുക്കളോ ഇതുവരെ പരാതി നൽകിയിട്ടില്ല. നൗഫലിന്റെ ലൈസൻസ് സസ്പെൻഡുചെയ്യാൻ റിപ്പോർട്ടുനൽകുമെന്ന് കല്ലമ്പലം പൊലീസ് പറഞ്ഞു. നാട്ടുകാരുടെ ജീവൻവച്ച് പന്താടിയതിന് പിഴചുമത്തിയതിനൊപ്പം നൗഫലിനെ പൊലീസ് സ്റ്റേഷനിൽ പിടിച്ചുനിർത്തുകയും ശക്തമായ താക്കീത് നൽകുകയും ചെയ്തിരുന്നു. ഇതൊന്നും കാര്യമാക്കാതെ നിയമത്തെ ചോദ്യംചെയ്യുന്ന രീതിയിലാണ് നൗഫൽ വീണ്ടും ബൈക്കഭ്യാസം നടത്തിയത്. ഇയാളുടെ ലൈസൻസ് റദ്ദാക്കുകയും മാതൃകാപരമായി ശിക്ഷിക്കുകയും വേണമെന്നാണ് നാട്ടുകാർ ആവശ്യപ്പെടുന്നത്.



# ഭർത്താവുപേക്ഷിച്ച്പോയ, അപരിചിതയായ യുവതിയ്ക്ക് വൃക്ക ദാനം ചെയ്ത് സി പി എം ബ്രാഞ്ച് സെക്രട്ടറി



വയനാട്: തീർത്തും അപരിചിതയായ യുവതിയ്ക്ക് സ്വന്തം വൃക്ക ദാനം ചെയ്ത് സി പി എം ബ്രാഞ്ച് സെക്രട്ടറിയായ യുവാവ്. വയനാട് ചീയമ്പം പള്ളിപ്പടിയിൽ മാധവമംഗലത്ത് രാജേന്ദ്രൻ- മഹേശ്വരി ദമ്പതികളുടെ മകൻ മണികണ്ഠൻ (34) ആണ് നാടിന് മാതൃകയാവുന്നത്. കോഴിക്കോട് പയ്യോളി സ്വദേശിയായ 37കാരിക്കാണ് മണികണ്ഠൻ വൃക്ക നൽകിയത്. ഫെബ്രുവരി നാലിനായിരുന്നു ശസ്ത്രക്രിയ. ഡി വൈ എഫ് ഐ ഇരുളം മേഖലാ സെക്രട്ടറിയാണ് മണികണ്ഠൻ. ഒരാളുടെ ജീവൻ രക്ഷിക്കാൻ അവരുമായി ആത്മബന്ധം വേണമെന്നില്ലല്ലോ. മനസുണ്ടെങ്കിൽ എന്തും ചെയ്യാനാകും എന്നാണ് വൃക്ക ദാനത്തെക്കുറിച്ച് മണികണ്ഠന് പറയാനുള്ളത്. ഇരുവൃക്കകളും തകരാറിലായതോടെ ഭർത്താവ് ഉപേക്ഷിച്ചുപോയ രണ്ടുമക്കളുടെ അമ്മ കൂടിയായ യുവതിയ്ക്കാണ് മണികണ്ഠൻ തുണയായത്. ശസ്ത്രക്രിയയ്ക്ക് ശേഷം ഇവർ എറണാകുളത്തെ ആശുപത്രിയിൽ ചികിത്സയിലാണ്. മണികണ്ഠൻ വീട്ടിൽ വിശ്രമത്തിലും. ഡോക്ടർമാരുടെ നിർദേശപ്രകാരം മൂന്നുമാസമായി ശസ്ത്രക്രിയയ്ക്കുള്ള തയ്യാറെടുപ്പിലായിരുന്നു മണികണ്ഠൻ. ഭക്ഷണവും മറ്റ് ശീലങ്ങളും ക്രമീകരിച്ചു. രോഗം പിടിപെടാതെ നോക്കി. മാർച്ച് 30നായിരുന്നു ശസ്ത്രക്രിയ തീരുമാനിച്ചിരുന്നത്. എന്നാൽ യുവതിയുടെ ആരോഗ്യനില മോശമായതോടെ നേരത്തെയാക്കുകയായിരുന്നു. 2014ൽ ഡി വൈ എഫ് ഐ നടത്തിയ മെഡിക്കൽ ക്യാംപിലാണ് മണികണ്ഠൻ അവയവദാനത്തിനുള്ള സമ്മതപത്രം നൽകുന്നത്. എട്ടുമാസം മുൻപ് വൃക്കം ദാനം ചെയ്യാൻ സമ്മതമാണോ എന്നന്വേഷിച്ച് വിളിവന്നു. യുവതിയുടെ അവസ്ഥ മനസിലാക്കിയ മണികണ്ഠൻ സമ്മതം അറിയിച്ചു. പരിശോധനയിൽ വൃക്ക യോജിച്ചതാണെന്ന് കണ്ടെത്തുകയും ചെയ്തു. എന്നാൽ ആദ്യം മാതാപിതാക്കൾ വിസമ്മതിച്ചു. ഏറെ പരിശ്രമങ്ങൾക്കുശേഷം ഇവർ സമ്മതിച്ചതോടെ വൃക്ക ശസ്ത്രക്രിയയ്ക്കായുള്ള നിയമനടപടികളുമായി മുന്നോട്ടുപോവുകയായിരുന്നു.






# ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെ നിയമനം: സംസ്ഥാന അനുമതി ആവശ്യമാണെന്ന് സുപ്രീം കോടതി

**ന്യൂഡൽഹി:** ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെ നിയമനത്തിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം ആവശ്യമാണെന്ന് സുപ്രീം കോടതി. ചില സംസ്ഥാനങ്ങൾ ഈ അനുമതി വേഗത്തിൽ നൽകും. മറ്റു ചില സംസ്ഥാനങ്ങൾ അനുമതി നൽകാൻ സമയമെടുക്കുമെന്ന് ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ അധ്യക്ഷനായ സുപ്രീം കോടതി ബെഞ്ച് ചൂണ്ടിക്കാട്ടി. കേരള ഹൈക്കോടതിയിലെ ജസ്റ്റിസ് വിനോദ് ചന്ദ്രനെ പട്ന ഹൈക്കോടതിയിലേക്ക് മാറ്റാനുള്ള കൊളീജിയം ശുപാർശ വൈകുന്നത് ചൂണ്ടിക്കാട്ടിയപ്പോഴാണ് ജസ്റ്റിസ് കൗളിന്റെ പ്രതികരണം. ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് കൊളീജിയം നൽകിയ ശുപാർശകളിൽ ചിലതിൽ വേഗത്തിൽ തീരുമാനം ഉണ്ടായതായി ഹർജിക്കാർക്ക് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ അരവിന്ദ് ദത്താർ ചൂണ്ടിക്കാട്ടി. എന്നാൽ ജസ്റ്റിസ് വിനോദ് ചന്ദ്രനെ പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആക്കാനുള്ള ശുപാർശയിൽ തീരുമാനം വൈകുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തുടർന്നാണ് സംസ്ഥാനങ്ങളുടെ അനുമതി ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിയമനത്തിന് ആവശ്യമാണെന്ന് ബെഞ്ചിന് നേതൃത്വം നൽകിയ ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ അഭിപ്രായപ്പെട്ടത്. സംസ്ഥാനങ്ങൾ വേഗത്തിൽ അനുമതി നൽകിയ ശുപാർശകളിൽ ആണ് ഒന്നോ രണ്ടോ ദിവസം കൊണ്ട് നിയമന ഉത്തരവ് ഇറങ്ങിയത് എന്നും ജസ്റ്റിസ് കൗൾ വ്യക്തമാക്കി. അതേസമയം, സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലേയും ജഡ്ജി നിയമനവുമായി ബന്ധപ്പെട്ട കൊളീജിയം ശുപാർശകളിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനത്തിൽ ആകുലതയുണ്ടെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. ജസ്റ്റിസുമാരായ സഞ്ജയ് കിഷൻ കൗൾ, മനോജ് മിശ്ര, അരവിന്ദ് കുമാർ എന്നിവരടങ്ങിയ ബെഞ്ചാണ് നിരീക്ഷണം നടത്തിയത്. കൊളീജിയം ശുപാർശകളിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം വൈകുന്നതിനെതിരായ ഹർജി കഴിഞ്ഞ തവണ പരിഗണിച്ചപ്പോൾ സുപ്രീം കോടതി കടുത്ത വിമർശനം ഉന്നയിച്ചിരുന്നു. ഇതിന് ശേഷം ജഡ്ജി നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചില നടപടികൾ ഉണ്ടായെന്നും കോടതി ചൂണ്ടിക്കാട്ടി. എന്താണോ പ്രതീക്ഷിക്കുന്നത് അത് ഉണ്ടാകുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ അധ്യക്ഷനായ ബെഞ്ച് കേന്ദ്ര സർക്കാരിന്റെ അഭിഭാഷകരോട് നിർദേശിച്ചു. അറ്റോർണി ജനറൽ ആർ. വെങ്കിട്ട രമണിയുടെ അസാന്നിധ്യം കണക്കിലെടുത്ത് ഇന്ന് കേസിൽ വിശദമായ വാദം കേൾക്കൽ ഉണ്ടായില്ല.



# പ്രധാനമന്ത്രിക്കൊപ്പം കന്നഡയിലെ സൂപ്പർതാരങ്ങൾ; നരേന്ദ്രമോദിയുടെ വിരുന്നിൽ യഷും റിഷഭ് ഷെട്ടിയും



പ്രധാനമന്ത്രി നരേന്ദ്രമോദിയും കന്നഡ സിനിമാതാരങ്ങളും തമ്മിൽ ഔദ്യോഗികമായി കൂടിക്കാഴ്ച നടത്തി. ഏഷ്യയിലെ ഏറ്റവും വലിയ വ്യോമപ്രദർശനമായ എയ്റോ ഇന്ത്യ 2023 ഉദ്ഘാടനം ചെയ്യാനായി ബെംഗളൂരു യെലഹങ്ക വ്യോമതാവളത്തിൽ എത്തിയതാണ് പ്രധാനമന്ത്രി. അഞ്ചുദിവസത്തെ പ്രദർശനമാണ് ബെംഗളൂരുവിൽ നടക്കുന്നത്. ബെംഗളൂരു രാജ്ഭവനിൽ പ്രധാനമന്ത്രി ഒരുക്കിയ വിരുന്നിൽ യഷ്, റിഷഭ് ഷെട്ടി എന്നിവർക്കൊപ്പം സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരും പങ്കെടുത്തു. അന്തരിച്ച കന്നഡ നടൻ പുനീത് രാജ്കുമാറിന്റെ ഭാര്യ അശ്വിനി രാജ്കുമാറും പ്രധാനമന്ത്രിയെക്കാണാൻ എത്തിയിരുന്നു. ഇവർക്ക് പുറമെ ചില കായിക താരങ്ങളും രാഷ്ട്രീയ പ്രവർത്തകരും വിരുന്നിനെത്തി. യഷ് നായകനായെത്തിയ 'കെ.ജി.എഫ് ചാപ്റ്റർ 2', റിഷഭ് ഷെട്ടി ഒരുക്കിയ 'കാന്താര' എന്നീ കന്നഡ ചിത്രങ്ങൾ പാൻ ഇന്ത്യൻ തലത്തിൽ ശ്രദ്ധ നേടിയിരുന്നു. ബോക്സോഫീസിൽ മികച്ച പ്രകടനമാണ് ഈ രണ്ട് ചിത്രങ്ങൾ നടത്തിയത്.

# ക്ഷേത്ര ഭാരവാഹികൾക്കെതിരേ ശബ്ദസന്ദേശം അയച്ച് വീട്ടമ്മ ആത്മഹത്യ ചെയ്തു; പോലീസിനെതിരെയും ആരോപണം

**തിരുവനന്തപുരം:** ഉള്ളൂർ പുലയനാർ കോട്ടയിൽ ക്ഷേത്രം ഭാരവാഹികൾ ജീവിക്കാൻ അനുവദിക്കുന്നില്ലെന്ന് ആരോപിച്ച് പോലീസിന് സന്ദേശം അയച്ചശേഷം വീട്ടമ്മ ആത്മഹത്യ ചെയ്തു. ആക്കുളം തുറവിയ്ക്കൽ ശിവശക്തി നഗർ ശിവകൃപയിൽ എസ്. വിജയകുമാരി (46) യെയാണ് ശനിയാഴ്ച വീടിന്റെ സൺഷേഡിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.അതിർത്തി തർക്കത്തിന്റെ പേരിൽ ക്ഷേത്രം പ്രസിഡന്റിന്റെ നേതൃത്വത്തിൽ മർദ്ദിച്ചെന്ന് ചൂണ്ടിക്കാട്ടി മെഡിക്കൽ കോളേജ് പോലീസിന് പരാതി നൽകിയിരുന്നു. കേസിൽ പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായ വീഴ്ചയും ജീവനൊടുക്കാൻ കാരണമായെന്നാണ് ആക്ഷേപം. വീടിന്റെ പിന്നാമ്പുറത്ത് സൺഷേയ്ഡിഡിൽ ശനിയാഴ്ചയാണ് വീട്ടമ്മയെ തൂങ്ങിമരിച്ച നിലയിൽ കണ്ടത്. മെഡിക്കൽ കോളേജ് സിഐക്ക് സന്ദേശം അയച്ചശേഷമായിരുന്നു വിജയകുമാരി ആത്മഹത്യ ചെയ്തത്.വീട്ടിൽനിന്ന് കണ്ടെടുത്ത ആത്മഹത്യാക്കുറിപ്പിലും മരണത്തിന് കാരണമെന്ന് ആരോപിച്ച് ചിലരുടെ പേരുകളുണ്ട്. ആത്മഹത്യാ കുറിപ്പിലെ പേരുകാരെല്ലാം വിജയകുമാരിയുടെ സമീപമുള്ള ദേവസ്വം ബോഡിന്റെ കീഴിലുള്ള കുന്നം മഹാദേവക്ഷേത്രം ഭാരവാഹികളാണ്. ക്ഷേത്ര കമ്മിറ്റിയും വിജയകുമാരിയുടെ കുടുംബവും തമ്മിൽ അതിർത്തി തർക്കമുണ്ട്. ക്ഷേത്രഭരണസമിതി പ്രസിഡന്റ് അശോകന്റെ നേതൃത്വത്തിൽ കഴിഞ്ഞയാഴ്ച ഇവരുടെ സർവ്വേക്കല്ല് പിഴുതു മാറ്റിയിരുന്നെന്ന് പരാതിയുണ്ടായിരുന്നു.
എതിർത്തപ്പോൾ വിജയകുമാരിയെ മൺവെട്ടി ഉപയോഗിച്ച് തലയ്ക്ക് വെട്ടുകയും ആക്രമിക്കുകയും ചെയ്തു. ആക്രമണത്തിന് ശേഷവും ഈ സംഘത്തിലുള്ളവർ വെട്ടുകത്തിയും ആയുധങ്ങളുമായി കുടുംബത്തിന് നേരെ വധഭീഷണി മുഴക്കി. അതിന്റെ ദൃശ്യങ്ങളും കുടുംബം പോലീസിന് കൈമാറിയിരുന്നു. വിജയകുമാരിക്ക് പ്ലസ് വണ്ണിന് പഠിക്കുന്ന ഒരു മകളുണ്ട്.
ഇതെല്ലാം ചൂണ്ടിക്കാട്ടി മെഡിക്കൽ കോളേജ് പോലീസിൽ പരാതി നൽകിയെങ്കിലും കേസ് രജിസ്റ്റർ ചെയ്തതല്ലാതെ മറ്റു നടപടികൾ ഒന്നും സ്വീകരിച്ചില്ലെന്നാണ് ആരോപണം. പ്രതികളുടെ ഭാഗത്തുനിന്ന് വീണ്ടും ഉപദ്രവമുണ്ടായതോടെയാണ് വിജയകുമാരി ആത്മഹത്യ ചെയ്തതെന്നാണ് ആരോപണം. ആത്മഹത്യയെ കുറിച്ച് അന്വേഷിക്കുമെന്ന് മെഡിക്കൽ കോളജ് ഇൻസ്പെക്ടർ പറഞ്ഞു.



# അക്ബർ കക്കട്ടിൽ അവാർഡ് സുഭാഷ് ചന്ദ്രന്

കോഴിക്കോട്: ഈ വർഷത്തെ അക്ബർ കക്കട്ടിൽ അവാർഡ് ചെറുകഥാകൃത്തും നോവലിസ്റ്റും മാതൃഭൂമി ആഴ്ചപ്പതിപ്പ് അസിസ്റ്റന്റ് എഡിറ്ററുമായ സുഭാഷ്ചന്ദ്രന്. മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച സമുദ്രശില എന്ന നോവലിനാണ് പുരസ്കാരം. കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് പ്രസിദ്ധീകരിച്ച നോവലുകളിൽ നിന്നാണ് സേതു, ഡോ. മിനി പ്രസാദ്, കെ.സി. നാരായണൻ എന്നിവരടങ്ങുന്ന ജൂറി 'സമുദ്രശില'യ്ക്ക് അവാർഡ് നല്കാൻ തീരുമാനിച്ചത്. 50000 രൂപയും പോൾ കല്ലാനോട് രൂപകൽപ്പന ചെയ്ത ശില്പവുമടങ്ങുന്ന അക്ബർ കക്കട്ടിൽ ട്രസ്റ്റ് ഏർപ്പെടുത്തിയ അവാർഡ് ഫെബ്രവരി 17 ന് വൈകുന്നേരം 4.30 ന് കോഴിക്കോട് അളകാപുരിയിൽ വെച്ച് നടക്കുന്ന കക്കട്ടിൽ അനുസ്മരണ സമ്മേളനത്തിൽ എം. മുകുന്ദൻ സുഭാഷ് ചന്ദ്രന് സമ്മാനിക്കും. ഡോ.



എം.കെ.മുനീർ അക്ബർ കക്കട്ടിൽ അനുസ്മരണ പ്രഭാഷണം നടത്തും

# കളമശ്ശേരി മെഡിക്കൽ കോളേജ് ഹോസ്റ്റൽ പരിസരത്ത് തലയോട്ടി; പരിശോധന തുടരുന്നു

കൊച്ചി: കളമശ്ശേരി മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റലിൽ പുറകിൽ നിന്നും അജ്ഞാത തലയോട്ടി കണ്ടെത്തി. സംഭവസ്ഥലത്ത് പൊലീസും ഫോറൻസിക് ഉദ്യോഗസ്ഥരും പരിശോധന നടത്തുകയാണ്.
ഇന്ന് രാവിലെ ഹോസ്റ്റലിലെ വിദ്യാർഥി തന്നെയാണ് തലയോട്ടി കണ്ടതായി സെക്യൂരിറ്റി ജീവനക്കാരെ അറിയിച്ചത്. മെഡിക്കൽ കോളേജ് ഹോസ്റ്റലിലെ വിദ്യാർഥികൾ പഠിക്കാനായി കൊണ്ടുവന്ന തലയോട്ടിയാവാമെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. തലയോട്ടി മാത്രമാണ് ഹോസ്റ്റൽ പരിസരത്ത് നിന്നും കണ്ടെത്തിയിരിക്കുന്നത്. മറ്റ് ശരീര അവശിഷ്ടങ്ങളൊന്നും തന്നെ സ്ഥലത്ത് നിന്നും കിട്ടിയില്ല. അതിനാൽ തന്നെ വിദ്യാർഥികൾ പഠിക്കാനായി കൊണ്ടുവന്നതായിരിക്കാമെന്ന നിഗമനത്തിൽ തന്നെയാണ് പൊലീസ്.

# കേരളത്തിലേക്ക് വരൂ, നിക്ഷേപം നടത്തൂ': ആഡംബര വാഹന കമ്പനിയായ ലക്സസിനോട് മുഖ്യമന്ത്രി

**തിരുവനന്തപുരം:** ആഡംബര കാർ കമ്പനിയായ ലക്സസിനെ കേരളത്തിൽ നിക്ഷേപം നടത്താൻ ക്ഷണിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യത്ത് ഏറ്റവുമധികം കാറുകൾ വിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെങ്കിലും, ഇവിടെ ഒരു വാഹന നിർമാതാക്കൾക്കും ഉത്പാദന യൂണിറ്റില്ലെന്ന് അദ്ദേഹം പറഞ്ഞു. കളമശ്ശേരി നിപ്പോൺ ടവറിൽ ആഡംബര കാർ കമ്പനിയായ ലക്സസിന്റെ ഷോറൂം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷമാണ് നിലവിലുള്ളതെന്ന് വ്യവസായമന്ത്രി പി. രാജീവ് പറഞ്ഞു. അതേസമയം, കേരളത്തിനെതിരെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നടത്തിയ പരാമർശം മുഖ്യമന്ത്രി പിണറായി വിജയൻ തള്ളി. കേരളം സുരക്ഷിതമല്ലെന്ന് പരോക്ഷമായി പരാമർശിച്ച അമിത് ഷായോട് കേരളം എന്താണ്, കർണാടകയിലെ സ്ഥിതി എന്താണ് എന്ന് എല്ലാവർക്കും നല്ലപോലെ അറിയാമെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിൽ എല്ലാവർക്കും സ്വൈര്യമായി സമാധാനത്തോടെ ജീവിക്കാനുള്ള സാഹചര്യം ആണുള്ളതെന്നും, അതാണോ കർണാടകയിൽ ഉള്ള സ്ഥിതിയെന്നും മുഖ്യമന്ത്രി ചോദിച്ചു. അമിത് ഷായെ വിമർശിച്ച് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും രംഗത്ത് വന്നിരുന്നു. കേരളം സുരക്ഷിതമല്ലെന്ന് ലോകത്ത് ആരും പറയില്ലെന്നും അങ്ങനെ പറയുന്നത് അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അധിഷ്ഠിതമായ രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നവർ ആണെന്നും ഗോവിന്ദൻ വിമർശിച്ചു. ലോകത്തെ ഏറ്റവും സുരക്ഷിതമായ സ്ഥലം കേരളമാണെന്നും സി.പി.എം നേതാവ് പറഞ്ഞു.

# കുടുംബവഴക്ക്; കടയ്ക്കുള്ളിലിട്ട് തീകൊളുത്തി, യുവതിക്ക് പൊള്ളലേറ്റു

തിരുവനന്തപുരം: നാവായിക്കുളം വെള്ളൂർ കോണം മുസ്ലിം പള്ളിക്ക് സമീപത്തെ കടയ്ക്ക് 60-കാരൻ തീയിട്ടു. കടയ്ക്കകത്തുണ്ടായിരുന്ന സ്ത്രീക്ക് പൊള്ളലേറ്റു.
സഹോദരനും സഹോദരിയും തമ്മിലുള്ള കുടുംബ വഴക്കാണ് അക്രമത്തിൽ കലാശിച്ചത്. തമ്പി എന്ന് വിളിക്കുന്ന ഇസ്മായിൽ (60) ആണ് സഹോദരിയുടെ കടയിലേക്ക് പെട്രോൾ ഒഴിച്ച് തീ ഇട്ടത്. ഈ സമയം കടയിൽ ഉണ്ടായിരുന്ന സഹോദരിയുടെ മകൾ ജാസ്മിന് (37) ഗുരുതരമായി പൊള്ളലേറ്റു. തീയിട്ട ശേഷം ഇസ്മായിൽ കൈയിൽ കരുതിയിരുന്ന വിഷം കഴിച്ചു എന്നാണ് പറയപ്പെടുന്നത്. രണ്ടുപേരെയും പോലീസ് ആശുപത്രിയിലേക്ക് മാറ്റി.



# ഇനി മദ്യപിച്ച് വാഹനം ഓടിക്കില്ല'; മദ്യപിച്ച് വാഹനമോടിച്ച ബസ് ഡ്രൈവർമാർക്ക് 1000 തവണ ഇംപോസിഷൻ

കൊച്ചി: മദ്യപിച്ച് വാഹനമോടിച്ച ബസ് ഡ്രൈവർമാരെ ഇംപോസിഷൻ എഴുതിപ്പിച്ച ശേഷം ജാമ്യത്തിൽ വിട്ടു. 'ഇനി മദ്യപിച്ച് വാഹനം ഓടിക്കില്ല'എന്ന് 1000 തവണ ഇംപോസിഷൻ എഴുതിച്ച ശേഷമാണ് പിടിയിലായവരെ ജാമ്യത്തിൽ വിട്ടത്. പിടിയിലായ 16 ഡ്രൈവർമാർക്കാണ് ഇത്തരത്തിൽ ശിക്ഷ ലഭിച്ചത്. ഇന്ന് പുലർച്ചെ അഞ്ച് മണി മുതൽ ഒമ്പത് മണി വരെ നടത്തിയ പരിശോധനയിലാണ് ഡ്രൈവർമാർ പിടിയിലായത്. തൃപ്പൂണിത്തുറ ഹിൽപാലസ് ഇൻസ്പെക്ടർ വി ഗോപകുമാറാണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയത്. പിടിയിലായവരിൽ നാല് പേർ സ്കൂൾ ബസ്സ് ഓടിച്ചവരും രണ്ടുപേർ പേർ കെഎസ്ആർടിസി ബസ്സ് ഡ്രൈവർമാരും 10 പേർ പ്രൈവറ്റ് ബസ്സ് ഓടിച്ച ഡ്രൈവർമാരുമാണ്. പിടികൂടിയ ബസിലെ യാത്രക്കാരെ തൃപ്പൂണിത്തുറ ബസ് സ്റ്റാൻഡിലെത്തിച്ച് യാത്രാ സൗകര്യം ഒരുക്കി നൽകി. കൂടാതെ സ്കൂൾ വിദ്യാർത്ഥികളെ മഫ്ടിയിലുള്ള പൊലീസ് സ്കൂളുകളിൽ എത്തിച്ചു. പിടിയിലായ ഡ്രൈവർമാരുടെ ഡ്രൈവിംങ് ലൈസൻസ് റദ്ദാക്കുന്നതിനും ഇവർ ഓടിച്ചിരുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.



# മൂന്നര വയസുകാരിയെ പീഡിപ്പിച്ചത് കൽക്കണ്ടവും മുന്തിരിയും നൽകി; പൂജാരിയായ പ്രതിയ്ക്ക് 45 വർഷം കഠിനതടവ്

**കൊച്ചി:** മൂന്നര വയസുകാരിയെ പീഡിപ്പിച്ച കേസിൽ പ്രതിയ്ക്ക് 45 വർഷം കഠിന തടവ്. ഉദയംപേരൂർ സ്വദേശി മണക്കുന്നം ചാക്കുളം കരയിൽ വടക്കേ താന്നിക്കകത്ത് വീട്ടിൽ പുരുഷോത്തമനെയാണ് (83) എറണാകുളം പ്രിൻസിപ്പൽ പോക്സോ കോടതി 45 വർഷം കഠിനതടവിനും 80,000 രൂപ പിഴയും വിധിച്ചത്. അമ്പലത്തിൽ പൂജാരിയായിരുന്ന പ്രതി 2019–2020 കാലഘട്ടത്തിലാണ് കൃത്യം നടത്തിയത്. മൂന്നര വയസുകാരിയെ കൽക്കണ്ടവും മുന്തിരിയും നൽകിയാണ് പ്രതി പീഡനത്തിനിരയാക്കിയത്.കുട്ടിയുടെ പെരുമാറ്റത്തിൽ മാറ്റം വന്നതോടെയാണ് പീഡനം നടന്നതായി അറിയുന്നത്. പരാതി നൽകിയതിനെ തുടർന്ന് കുട്ടിയുടെ മൊഴി രേഖപ്പെടുത്തിയ ഉദയംപേരൂർ പൊലീസ് പുരുഷോത്തമനെ അറസ്റ്റ് ചെയ്യുകയായിരുന്നു. പോക്സോ വകുപ്പ് അടക്കം പത്തോളം കുറ്റകൃത്യങ്ങളിൽ പ്രതി കുറ്റക്കാരനാണെന്ന് വിചാരണവേളയിൽ തെളിഞ്ഞതിന് പിന്നാലെയാണ് ശിക്ഷാവിധിയുണ്ടായത്. കൊച്ചുമകളുടെ പ്രായം മാത്രമുള്ള കുട്ടിയോട് പ്രതി ചെയ്ത ക്രൂരത അതിഹീനമാണെന്നും ഒരു ദയയും അർഹിക്കുന്നില്ല എന്നും വിധി നിർണയവേളയിൽ കോടതി നോക്കിക്കണ്ടു. പ്രതിയിൽ നിന്ന് ഈടാക്കുന്ന പിഴത്തുക പെൺകുട്ടിയുടെ കുടുംബത്തിന് കൈമാറാനും കോടതി നിർദേശിച്ചിട്ടുണ്ട്



# മാതളം ജ്യൂസ് കുടിച്ചാലുള്ള ആരോഗ്യഗുണങ്ങൾ





ധാരാളം പോകഗുണങ്ങൾ അടങ്ങിയ ഫലമാണ് മാതളം. മാതളപ്പഴത്തിനു മാത്രമല്ല മാതളച്ചാറിനും നിരവധി ആരോഗ്യ ഗുണങ്ങളുണ്ട്.മാതളം ജ്യൂസ് കുടിച്ചാലുള്ള ചില ആരോഗ്യഗുണങ്ങളെ കുറിച്ചറിയാം...പ്രോസ്റ്റേറ്റ് അർബുദ കോശങ്ങളുടെ വളർച്ച തടയാൻ മാതള ജ്യൂസിന് കഴിയുമെന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്.മാതളം ജ്യൂസിൽ അടങ്ങിയിട്ടുള്ള പോളിഫിനോളുകൾ എന്ന സംയുക്തം നാഡികളെ സംരക്ഷിക്കുന്നു. ഓർമശക്തി മെച്ചപ്പെടുത്താൻ ഇതു സഹായിക്കുന്നു.ദഹന സംബന്ധമായ പ്രശ്നങ്ങൾ അകറ്റാൻ മാതളം ജ്യൂസ് മികച്ചൊരു പ്രതിവിധിയാണ്. അസിഡിറ്റി പ്രശ്നം പരിഹരിക്കാൻ മാതളം ജ്യൂസിലെ ചില സംയുക്തങ്ങൾ സഹായിക്കുമെന്ന് പഠനങ്ങൾ പറയുന്നു.ഹൃദയാരോഗ്യമേകുന്ന പഴച്ചാറുകളിൽ മുന്നിലാണ് മാതളം. ഹൃദയത്തെയും ഹൃദയ ധമനികളെയും ഇത് സംരക്ഷിക്കുന്നു. രക്തപ്രവാഹം മെച്ചപ്പെടുത്തുന്നു. ധമനികളെ കട്ടി കൂട്ടുന്നതിൽ നിന്നും തടയുന്നു. ജീവകം സി, രോഗപ്രതിരോധ ശക്തിയേകുന്ന ജീവകം ഇ മുതലായവ അടങ്ങിയതിനാൽ രോഗങ്ങളെയും അണുബാധയെയും തടയാൻ മാതളം ജ്യൂസിനു കഴിയും. ആന്റി ബാക്ടീരിയൽ ആന്റി വൈറൽ ഗുണങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്.ചർമത്തിന്റെയും മുടിയുടെയും ആരോഗ്യത്തിനു സഹായകമായ പോഷകങ്ങൾ മാതള ജ്യൂസിലുണ്ട്. മാതളച്ചാറിൽ ഇരുമ്ബ് ധാരാളം അടങ്ങിയിട്ടുണ്ട്. ഇത് ഹീമോഗ്ലോബിന്റെ അളവ് കൂട്ടുകയും വിളർച്ചയും തടയുന്നു.ചർമത്തിന്റെയും മുടിയുടെയും ആരോഗ്യത്തിനു സഹായകമായ പോഷകങ്ങൾ മാതള ജ്യൂസിലുണ്ട്.മാതളച്ചാറിൽ ഇരുമ്ബ് ധാരാളം അടങ്ങിയിട്ടുണ്ട്. ഇത് ഹീമോഗ്ലോബിന്റെ അളവ് കൂട്ടുകയും വിളർച്ചയും തടയുന്നു.

# ഷുഗർ കുറയാൻ പനീർ ഇങ്ങനെ ഉപയോഗിക്കൂ





പനീർ പോഷകസമ്ബുഷ്ടവും രുചികരവുമായ ഒരു പാലുല്പ്പന്നമാണ്. പ്രോട്ടീന്റെ കലവറയായ പനീർ, സസ്യഭുക്കുകൾ തീർച്ചയായും ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.100 ഗ്രാം പനീറിൽ 11 ഗ്രാം പ്രോട്ടീൻ അടങ്ങിയിട്ടുണ്ട്.സാലഡിൽ ചേർത്തും വേവിക്കാതെയും പനീർ കഴിക്കാവുന്നതാണ്.കാൽസ്യത്തിന്റെ പ്രധാന ഉറവിടങ്ങളിലൊന്നാണ് പനീർ. ദിവസവും ആവശ്യമുള്ളതിന്റെ 8 ശതമാനം കാൽസ്യം പനീറിൽ ഉണ്ട്. എല്ലുകൾക്കും പല്ലുകൾക്കും ആരോഗ്യമേകുന്നതോടൊപ്പം ഹൃദയപേശികളുടെ ആരോഗ്യത്തിനും നാഡികളുടെ പ്രവർത്തനത്തിനും പനീർ ഏറെ ഗുണകരമാണ്.രക്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ പനീർ സഹായിക്കും. ധാരാളം മഗ്നീഷ്യം അടങ്ങിയതിനാൽ ഹൃദയാരോഗ്യത്തിനും രോഗപ്രതിരോധ സംവിധാനത്തിനും നല്ലത്. പനീറിൽ മാംസ്യം ധാരാളം ഉള്ളതിനാൽ രക്തത്തിലേക്ക് പഞ്ചസാരയെ പുറത്തുവിടുന്നത് സാവധാനത്തിലാക്കുന്നു. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് കൂട്ടുന്നതിനെയും കുറയുന്നതിനെയും തടയുന്നു. പനീറിലടങ്ങിയ ഫോസ്ഫറസ് ദഹനത്തിനു സഹായിക്കുന്നു. മഗ്നീഷ്യം മലബന്ധം തടയുന്നു.ഗർഭിണികൾക്ക് ആവശ്യമായ ജീവകം ബി കോംപ്ലക്സ് വൈറ്റമിനായ ഫോളേറ്റുകൾ പനീറിൽ ധാരാളം ഉണ്ട്. ഇത് ഭ്രൂണ വളർച്ചയെ സഹായിക്കുന്നു. അരുണരക്താണുക്കളുടെ നിർമാണത്തിനും ഇത് സഹായകം.പ്രോട്ടീൻ ധാരാളം അടങ്ങിയ പനീർ ഏറെ നേരം വിശക്കാതിരിക്കാൻ സഹായിക്കുന്നു. കൂടാതെ ശരീരത്തിലെ കൊഴുപ്പിനെ കത്തിച്ചു കളയുന്ന പ്രക്രിയയെ സഹായിക്കുന്ന ഫാറ്റി ആസിഡ് ആയ ലിനോലെയ്ക് ആസിഡും പനീറിൽ ധാരാളമുണ്ട്.പനീറിലടങ്ങിയ ഭക്ഷ്യനാരുകൾ ദഹനത്തിനു സഹായിക്കുന്നതോടൊപ്പം ഉപാപചയ പ്രവർത്തനം മെച്ചപ്പെടുത്തുകയും അങ്ങനെ ഭാരം കുറയ്ക്കാൻ സഹായിക്കുകയും ചെയ്യുന്നു.ആരോഗ്യവും തിളക്കവും ഉള്ള ചർമവും തലമുടിയും സ്വന്തമാക്കാൻ പനീർ ദിവസവും ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ മതി. ഒമേഗ 3, ഒമേഗ 6 ഫാറ്റി ആസിഡുകൾ, പ്രോട്ടീൻ, ജീവകങ്ങൾ, ആന്റി ഓക്സിഡന്റുകൾ ഇവയെല്ലാം ഇതിനു സഹായിക്കുന്നു. പനീറിൽ ജീവകം ബി ധാരാളം ഉണ്ട്.വിലകൊടുത്തു വാങ്ങുന്നതിനു പകരം വീട്ടിൽ തന്നെ പനീർ ഉണ്ടാക്കാം. ഒരു ലിറ്റർ പാലിൽ നിന്ന് 100 ഗ്രാം പനീർ ലഭിക്കും.പാൽ തിളപ്പിച്ച ശേഷം അതിലേക്ക് ഒരു ടേബിൾ സ്പൂൺ നാരങ്ങാനീരു ചേർക്കുക. കുറച്ചു സമയത്തിനു ശേഷം പാൽ പിരിഞ്ഞ് ഏതാണ്ട് തൈരു പോലെ ആയ ശേഷം ഇത് ഒരു മസ്ലിൻ തുണിയിൽ പൊതിഞ്ഞ് തൂക്കിയിടുക. വെള്ളം മുഴുവൻ വാർന്നു പോയ ശേഷം ഇത് ഒരു കട്ടിയുള്ള പാത്രത്തിനടിയിൽ അമർത്തി വയ്ക്കുക. പനീർ റെഡിയായി കഴിഞ്ഞു. ഇത് ഫ്രിഡ്ജിൽ സൂക്ഷിക്കാവുന്നതാണ്. പനീർ ഉപയോഗിച്ച് നിരവധി വിഭവങ്ങൾ ഉണ്ടാക്കാവുന്നതാണ്.പനീറിൽ കൊഴുപ്പിന്റെ അംശം കൂടുതലായതിനാൽ ഒരുപാട് അളവിൽ കഴിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ. വണ്ണം കൂടുതൽ ഉള്ളവരും ഹൃദയസംബന്ധമായ രോഗമുള്ളവരും കുറച്ചു മാത്രം ഉപയോഗിക്കുക.

# അമിതവണ്ണം കുറയ്ക്കാൻ ഈ കാര്യങ്ങൾ പരീക്ഷിച്ചു നോക്കൂ



അമിതവണ്ണമാണ് മിക്കവരും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. അമിതവണ്ണം, അമിതഭാരം തുടങ്ങിയ പ്രശ്നങ്ങൾ നൂറിൽ ഏഴു പേരെങ്കിലും അനുഭവിക്കുന്നുണ്ടെന്നാണ് കണക്ക്.രണ്ടിൽ ഒരാൾ അമിതവണ്ണം കുറയ്ക്കാൻ പലതരത്തിലുള്ള വഴികൾ തേടുന്നതും നിങ്ങൾ കണ്ടിട്ടുണ്ടാവും. അതിന് ഭക്ഷണക്രമീകരണം, എക്സർസൈസ് ഉപകണങ്ങൾ, ജിം എന്നിവയാണ് മിക്കവരും കൈക്കൊള്ളുന്ന ഉപായങ്ങൾ. എന്നാൽ വ്യായാമ ഉപകരണങ്ങൾ എല്ലാം ചെലവേറിയതാണെന്ന് അറിയാം. എങ്കിൽ ഇനി അതിനായി പണം ചെലവാക്കണ്ട. ജിമ്മിൽ പോയി പണം ചെലവാക്കുകയും വേണ്ട. കുറച്ച് കാര്യങ്ങൾ ഒന്നു പരീക്ഷിച്ചു നോക്കൂ. പലരോഗങ്ങൾക്കും അമിതവണ്ണം ഒരു പ്രധാന കാരണമായി വരുന്നുണ്ട്. അവയിൽ പ്രധാനം ടൈപ് ടു ഡയബറ്റിസ്, ഹൈപർടെൻഷൻ, ഉറക്കമില്ലായ്മ, മൂത്രസഞ്ചിയിലെ കല്ല്, വളർച്ചയില്ലായ്മ, ഞരമ്ബു പിടയ്ക്കുക തുടങ്ങിയവയാണ് അവയിൽ ചിലത്. യഥാസമയം കണ്ടെത്തിയില്ലെങ്കിൽ അമിതവണ്ണം ഒരു രോഗം തന്നെയാണെന്നർത്ഥം. അപ്പോൾ ചെയ്യേണ്ടത് അമിതവണ്ണം കുറയ്ക്കുക എന്നതാണ്. അതിനായി താഴെ പറയുന്ന ചില കാര്യങ്ങൾ പരീക്ഷിച്ചു നോക്കൂ.ആരോഗ്യപരമായ ഭക്ഷണശീലമാണ് അതിൽ പ്രധാനം. ഭക്ഷണക്രമത്തിൽ പഴവർഗങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ എന്നിവ ധാരാളമായി ഉൾപ്പെടുത്തുക. മധുരപലഹാരങ്ങൾ, പൊരിച്ച വസ്തുക്കൾ, പോഷകാംശം കുറഞ്ഞ ആഹാരങ്ങൾ, പാക്കേജ്ഡ് ഭക്ഷണങ്ങൾ, റിഫൈൻ ചെയ്ത ഭക്ഷണങ്ങൾ എന്നിവ പരമാവധി ഒഴിവാക്കുകയും വേണം. വ്യായാമത്തിനായി ദിവസേന 30 മിനിറ്റെങ്കിലും മാറ്റിവയ്ക്കുക എന്നതാണ് മറ്റൊരു കാര്യം. ഹൃദയത്തെയും രക്തധമനികളെയും സ്വാധീനിക്കുന്ന വ്യായാമമുറകൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്. ഇതിനായി നിങ്ങൾ ആയിരങ്ങളും പതിനായിരങ്ങളും മുടക്കി വ്യായാമ ഉപകരണങ്ങൾ വാങ്ങുകയോ, ജിമ്മിൽ പോയി പണം ചെലവാക്കുകയോ വേണ്ട. മറ്റുചില വ്യായാമ മുറകൾ പ്രയോഗിക്കുക. നടത്തം, ജോഗിംഗ്, ഓട്ടം, സൈക്ലിംഗ്, നീന്തൽ എന്നിവയാണ് ഇതിനുള്ള പ്രധാന വ്യായാമമുറകൾ. ഇവ ആഴ്ചയിൽ മൂന്നു തവണ എങ്കിലും ചെയ്യണം.വേഗത്തിൽ മെലിയാം എന്നു പറഞ്ഞു വരുന്ന മരുന്നുകളും മറ്റു വസ്തുക്കളും പൂർണമായും ഒഴിവാക്കുക എന്നത് മറ്റൊരു വഴിയാണ്. ഭ്രാന്തമായ ഡയറ്റുകൾ, ഗുളികകൾ, ഭാരം കുറയ്ക്കാനുള്ള പൗഡറുകൾ, കൊഴുപ്പ് കളയുന്ന മെഷീനുകൾ എന്നിവ ഉപയോഗിച്ചാൽ അത് നിങ്ങളുടെ ആരോഗ്യത്തെ ബാധിച്ചേക്കാം എന്നാണ് റിപ്പോർട്ടുകൾ. ഇവ പാർശ്വഫലങ്ങൾ ഉണ്ടാക്കുമെന്ന് മാത്രമല്ല, ഒരിക്കൽ കുറഞ്ഞ ഭാരം ഉപയോഗം നിർത്തിയാലുടൻ വീണ്ടും കൂടാനും സാധ്യതയുണ്ട്. കൃത്യമായ വൈദ്യനിർദേശം ഇല്ലാതെ ഇത്തരം മരുന്നുകൾ ഉപയോഗിക്കരുത്.അമിതവണ്ണമുള്ള ആളാണ് താനെന്ന് കരുതി ഒരിക്കലും സ്വയം ഭ്രഷ്ട് കൽപിക്കാതിരിക്കുക. സമൂഹം നിങ്ങളെ അകറ്റി നിർത്തിയാൽ പോലും സ്വയം ഭ്രഷ്ടിനോ ഏകനാവാനോ ശ്രമിക്കരുത്. ഭാരം കൂടുന്നത് ധാരാളം സാമൂഹ്യ-മാനസിക പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളതിനാലാണിത്. വിഷാദരോഗം, മാനസിക സമ്മർദ്ദം തുടങ്ങിയവ അവയിൽ ചിലതുമാത്രം.പുകവലിയും മദ്യപാനവും ഉപേക്ഷിക്കുക. പുകവലി അമിതവണ്ണത്തിന് ഇടയാക്കുന്നു എന്നത് ഒരു കെട്ടുകഥയാണെങ്കിൽ പോലും അതിനെ പൂർണമായും എഴുതിത്തള്ളാതിരിക്കണം. പുകവലി ഭക്ഷണത്തോടുള്ള ആസക്തി കുറയ്ക്കും എങ്കിലും അതിന്റെ പാർശ്വഫലങ്ങൾ വളരെ വലുതാണ്. മദ്യപാനം തടികൂടുന്നതിന് ഒരു മൂലകാരണമാണ്. കാരണം, ആൽക്കഹോളിന്റെ മിക്കരൂപങ്ങളും കൊഴുപ്പ് അടങ്ങിയതാണ്. അതും വളരെ കൂടിയ തോതിൽ തന്നെ. ഇവ മധുരിതമായ ഡ്രിങ്കുകൾ കുടിക്കാൻ പ്രേരിപ്പിക്കുകയും പൊരിച്ച ഭക്ഷണങ്ങളോടും ആസക്തി വർധിപ്പിക്കുകയും ചെയ്യും.ഇനി ചിലരിൽ ചിലപ്പോൾ വ്യായാമങ്ങളും ഡയറ്റുകളും ഫലപ്രദമായില്ലെന്നുവരാം. അത്തരക്കാർ നാണം തോന്നാതെ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്നത് നന്നായിരിക്കും. അതിന് ഒരിക്കലും നാണിക്കേണ്ടതില്ല. ബാരിയാട്രിക് സർജറിയാണ് ചെയ്യേണ്ടത്. ഇതുമാത്രമാണ് വൈദ്യപരമായി ചെയ്യേണ്ട ഒരേയൊരു കാര്യം. ഒരിക്കലും കോസ്മെറ്റിക് ഒരു രീതിയല്ല എന്നു സാരം.ഒരിക്കലും ആത്മവിശ്വാസം നഷ്ടമാകാതിരിക്കുക. ജീവിതത്തിൽ ഒരു രണ്ടാം അവസരം കൊടുക്കുന്നതിൽ ഒരു തെറ്റുമില്ല. ഏതു മാർഗമാണോ നിങ്ങൾക്ക് ഏറ്റവും ഫലപ്രദം അതുതന്നെ ശീലിക്കുക. അമിതവണ്ണം എന്ന ഭൂതത്തെ നിങ്ങൾക്ക് കെട്ടുകെട്ടിക്കാം.

# ഓർക്കുക, ഈ ശീലങ്ങൾ വയറിന്റെ ആരോഗ്യം നശിപ്പിക്കുന്നു



വയറിന്റെ ആരോഗ്യം നന്നായാൽ ആകെ ആരോഗ്യം തന്നെ നന്നായി എന്നാണ് വിലയിരുത്തപ്പെടാറ്. അത്രമാത്രം പ്രധാനമാണ് വയറിന്റെ ആരോഗ്യം.ദഹനപ്രവർത്തനങ്ങൾ, അതിന് ആവശ്യമായി വരുന്ന സമയം ഇതെല്ലാം കൃത്യമായാൽ തന്നെ വയറിന്റെ ആരോഗ്യം ഉറപ്പിക്കാനാകും.പല ഘടകങ്ങളാണ് വയറിന്റെ ആരോഗ്യത്തെ ദോഷകരമായ രീതിയിൽ ബാധിക്കുന്നത്. പ്രധാനമായും ഡയറ്റ് (കഴിക്കാനായി തെരഞ്ഞെടുക്കുന്ന ഭക്ഷണം), ഡയറ്റ് ക്രമം (ഭക്ഷണസമയങ്ങൾ) തുടങ്ങിയ കാര്യങ്ങൾ തന്നെയാണ് ബാധിക്കുക. ഇതിന് പുറമെ മറ്റ് ജീവിതരീതികളും കാര്യമായ സ്വാധീനം ചെലുത്തുന്നു. ഇത്തരത്തിൽ വയറിന്റെ ആരോഗ്യം നശിപ്പിക്കുന്ന നമ്മുടെ ഏഴ് ശീലങ്ങളെ കുറിച്ചാണിനി പങ്കുവയ്ക്കുന്നത്.ഒന്ന്... പ്രകൃതിദത്തമായ 'പ്രീബയോട്ടിക്' ഭക്ഷണങ്ങൾ ഡയറ്റിൽ കുറയുന്നത് വയറിന്റെ ആരോഗ്യം നശിപ്പിച്ചേക്കാം.നേന്ത്രപ്പഴം, ഉള്ളി, വെളുത്തുള്ളി, ആപ്പിൾ എന്നിവയെല്ലാം മികച്ച 'പ്രീബയോട്ടിക്' ഭക്ഷണങ്ങളാണ്. ഇവ വയറ്റിനകത്തെ നല്ലയിനം ബാക്ടീരിയകളുടെ നിലനിൽപിന് അത്യാവശ്യമാണ്.രണ്ട്...പ്രോസസ്ഡ് ഭക്ഷണം, അതുപോലെ കൃത്രിമമധുരം ചേർത്ത ഭക്ഷണം എല്ലാം പതിവാക്കുമ്ബോഴും വയറിന്റെ ആരോഗ്യം നശിക്കാം. കാരണം ഇത്തരം ഭക്ഷണങ്ങളിൽ നിന്നെല്ലാമുള്ള ഷുഗർ വയറ്റിനകത്തെ ബാക്ടീരിയകളെ നശിപ്പിക്കുകയും വീണ്ടും മധുരം കഴിക്കാനുള്ള ആഗ്രഹം വർധിപ്പിക്കുകയും ചെയ്യുന്നു.മൂന്ന്...ഭക്ഷണം പോലെ തന്നെ ആരോഗ്യത്തിന്റെ അടിസ്ഥാനമാണ് ഉറക്കവും. ശരിയായ ഉറക്കം ലഭിക്കുന്നില്ലെങ്കിൽ അതും വയറിന്റെ ആരോഗ്യത്തെ ബാധിക്കും. ഉറക്കം നഷ്ടമാകുമ്ബോൾ ക്ഷീണം, അസ്വസ്ഥത എന്നിവയ്ക്കൊപ്പം തന്നെ അസിഡിറ്റിയും വർധിക്കുന്നു.നാല്...ആവശ്യത്തിന് വെള്ളം കുടിക്കാതിരിക്കുന്നവരിലും വയറിന്റെ ആരോഗ്യം അവതാളത്തിലാകാം. ദഹനവുമായി ബന്ധപ്പെട്ട് നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും സുഗമമാകണമെങ്കിൽ ശരീരത്തിലേക്ക് ഇടവേളകളിൽ ആവശ്യത്തിന് വെള്ളം എത്തിക്കൊണ്ടിരിക്കണം.ഇത് ചർമ്മത്തിന്റെ ആരോഗ്യവും എളുപ്പത്തിൽ മെച്ചപ്പെടുത്തും.അഞ്ച്... വ്യായാമോ കായികാധ്വാനമോ കൂടാതെ മുന്നോട്ടുപോകുന്നത് ശരീരത്തിന് വളരെയേറെ ദോഷം ചെയ്യാം. ഇത് ആദ്യം ബാധിക്കുന്നൊരു മേഖലയാണ് വയറിന്റെ ആരോഗ്യം. പ്രത്യേകിച്ച് ദീർഘനേരം ഇരുന്ന് ജോലി ചെയ്യുന്നവരാണെങ്കിൽ തീർച്ചയായും ശാരീരികാധ്വാനത്തിന് അൽപസമയം മാറ്റിവയ്ക്കേണ്ടതാണ്. വീട്ടിൽ തന്നെ ചെയ്യാവുന്ന വ്യായാമമോ, ജിമ്മിലെ വർക്കൗട്ടോ, യോഗയോ എന്തുമാകാം ഇത്.ആറ്...ഡയറ്റിൽ തന്നെ സംഭവിക്കുന്ന മറ്റൊരു പാളിച്ചയാണ് ഫൈബർ കുറവുള്ള ഭക്ഷണം കൂടുതലായി കഴിക്കുന്നത്. വയറിന്റെ ആരോഗ്യത്തിന് നിർബന്ധമായും വേണ്ടൊരു ഘടകമാണ് ഫൈബർ. പ്രത്യേകിച്ച് ദഹനം എളുപ്പത്തിലാക്കാനാണ് ഇത് ഉപകരിക്കുന്നത്. പച്ചക്കറികൾ, പഴങ്ങൾ, ധധാന്യങ്ങൾ എന്നിവയെല്ലാം ഫൈബറിന്റെ മികച്ച സ്രോതസുകളാണ്.ഏഴ്...മദ്യപാനം ശരീരത്തെ ദോഷകരമായി ബാധിക്കുമെന്ന് നമുക്കേവർക്കുമറിയാം. അതും അനിയന്ത്രിതമായ മദ്യപാനമാണെങ്കിൽ ആദ്യം ബാധിക്കപ്പെടുന്ന ഭാഗമാണ് വയറ്. വയറ്റിനകത്തെ നല്ലയിനം ബാക്ടീരിയകളുടെ സന്തുലിതാവസ്ഥ മദ്യം തകർക്കുന്നു.

# അദാനി ഓഹരികൾ താഴേക്ക്; മൂലധന ചെലവുകൾ കുറയ്ക്കുന്നു



അദാനി ഓഹരികളുടെ തകർച്ച തുടർകഥയാവുകയുമാണ്. ഗ്രൂപ്പിലെ ചില കമ്ബനികൾ മെച്ചപ്പെട്ട ഡിസംബർ പാദ സാമ്ബത്തിക ഫലം പുറത്തുവിട്ടെങ്കിലും ഓഹരികളിലെ തകർച്ച പിടിച്ചു നിർത്താൻ കഴിഞ്ഞില്ല. അദാനി ഗ്രൂപ്പിനെതിരെ അക്കൗണ്ടിംഗ് തട്ടിപ്പും, ഓഹരിയിൽ സ്റ്റോക്ക് കൃത്രിമത്വവും കാട്ടിയെന്ന ആരോപണവുമായി ഹിൻഡൻബർഗ് റിസർച്ചിന്റെ റിപ്പോർട്ട് പുറത്തുവന്നത് ജനുവരി അവസാനമാണ്.അടുത്ത സാമ്ബത്തിക വർഷം 40 ശതമാനം വരുമാന വളർച്ച ലക്ഷ്യമിട്ട അദാനി ഗ്രൂപ്പ് അത് 15-20 ശതമാനമായി ചുരുക്കി. മൂലധന ചെലവുകൾ വെട്ടിച്ചുരുക്കാൻ അദാനി തീരുമാനിച്ചതായുള്ള ബ്ലൂംബെർഗ് റിപ്പോർട്ടിനെ തുടർന്ന് തിങ്കളാഴ്ച്ച അദാനി എന്റർപ്രൈസസ് ഓഹരികൾ 8.35 % ഇടിഞ്ഞു (1693 രൂപ). അദാനി പോർട്സ് 7 % കുറഞ്ഞ് 545.95 കോടി രൂപയായി. 6 അദാനി കമ്ബനികൾ ഇന്ന് ലോവർ സർക്യൂട്ടിലാണ്.സെബി അദാനി കമ്ബനികളുടെ ഓഹരി ഇടപാടുകൾ അന്വേഷിക്കുന്നതും ഗ്രൂപ്പിലെ നാലു കമ്ബനികളുടെ റേറ്റിംഗ് മൂഡീസ് താഴ്ത്തിയതും വില ഇടിയാൻ കാരണമായി. ഒരാഴ്ച മുൻപ് അദാനി ചില കമ്ബനികളുടെ ഓഹരികൾ പണയത്തിൽ നിന്ന് വിടുവിച്ചിരുന്നു. ഇതിന് 8800 കോടിയിൽപരം രൂപ വേണ്ടി വന്നു. ഓഹരി വില ഇടിഞ്ഞതിനെ തുടർന്ന് വായ്പാ ദാതാക്കൾ കൂടുതൽ ഈട് ആവശ്യപ്പെട്ടാണ് വായ്പകൾ തിരിച്ചടയ്ക്കാൻ കാരണമെന്നാണ് വിവരം.ഈ തുക ചില ഹെഡ്ജ് ഫണ്ടുകളിൽ നിന്ന് വായ്പയെടുത്തതാണെന്ന് റിപ്പോർട്ടുണ്ട്. ദുരിത ഘട്ടങ്ങളിൽ വായ്പ നൽകി സഹായിക്കുന്ന ഈ ഹെഡ്ജ് ഫണ്ടുകളുടെ ഉപാധികൾ കർക്കശമാണ്. കൂടുതൽ വായ്പകൾക്കായി ഹെഡ്ജ് ഫണ്ടുകളെയാണ് ഗ്രൂപ്പ് വീണ്ടും ആശ്രയിക്കുന്നത്.ഫ്രാൻസിലെ ടോട്ടൽ ഗ്രൂപ്പ് അദാനി ഗ്രൂപ്പിലെ 400 കോടി ഡോളറിന്റെ നിക്ഷേപ തീരുമാനം മരവിപ്പിച്ചത് പുതിയ ഊർജ ബിസിനസിനു തിരിച്ചടിയായി. ഗ്രീൻ ഹൈഡ്രജൻ ഉൽപാദനത്തിന് 5000 കോടി ഡോളറിന്റെ പദ്ധതിയിൽ 25 ശതമാനം ഓഹരിയും വായ്പയിൽ 50 ശതമാനത്തിനു ഗാരന്റിയും അവർ ഏറ്റിരുന്നു. ടോട്ടൽ പിന്മാറുന്നതോടെ പദ്ധതി പ്രതിസന്ധിയിലാവും. അദാനി ഗ്രൂപ്പിന്റെ എസിസി-അംബുജ ഏറ്റെടുക്കലിനു വായ്പ നൽകിയ ബാർക്ലേയ്സ് വായ്പ തിരിച്ചു പിടിക്കുമെന്നു റിപ്പോർട്ടുണ്ട്. 525 കോടി ഡോളർ വായ്പയിൽ 75 കോടി ബാർക്ലേയ്സിന്റേതാണ്.അദാനിയുടെ മൂന്നു കമ്ബനികളുടെ കുറേ ഓഹരികൾ കൂടി എസ്ബിഐ ക്യാപ്സ് ട്രസ്റ്റിൽ ഈടായി നൽകിയതായി വാർത്ത ഉണ്ട്. ഓസ്ട്രേലിയയിലെ കാർമൈക്കിൾ കൽക്കരി പദ്ധതിക്ക് എസ്ബിഐ മുമ്ബു നൽകിയ 30 കോടി ഡോളർ വായ്പയ്ക്കാണ് ഈ അധിക ഈട് എന്നു കരുതപ്പെടുന്നു. 25,000 കോടി രൂപയോളം എസ്ബിഐ അദാനി ഗ്രൂപ്പിനു വായ്പ നൽകിയിട്ടുണ്ട്. മൂലധന നിക്ഷേപങ്ങൾ മൂന്ന് മാസത്തേക്ക് മാറ്റിവെച്ചാൽ 3 ശതകോടി ഡോളർ ലാഭിക്കാൻ അദാനി ഗ്രൂപ്പിന് കഴിയും. നിലവിലുള്ള സാമ്ബത്തിക ബുദ്ധിമുട്ടുകൾ തരണം ചെയ്യാനും മൂലധന ചെലവ് വെട്ടിക്കുറക്കുന്നത് സഹായിക്കും.



# പുതിയ ഓഡി ക്യൂ3 സ്പോർട്ട്ബാക്ക് പുറത്തിറക്കി

ജർമ്മൻ ആഡംബര കാർ നിർമ്മാതാക്കളായ ഓഡി ഇന്ന് പുതിയ ഓഡി ക്യൂ3 സ്പോർട്ട്ബാക്ക് ഇന്ത്യയിൽ അവതരിപ്പിച്ചു. ഓഡി ക്യൂ3 സ്പോർട്ട്ബാക്ക് ദൈനംദിന കാറിന്റെ ശക്തമായ സാന്നിധ്യവും വൈവിധ്യവും സ്പോർട്ടി ചാരുതയും കൂപ്പേയുടെ ചടുലതയും സമന്വയിപ്പിക്കുന്നു. ഓഡി ബ്രാൻഡിന്റെ ഇന്ത്യയിലെ ആദ്യത്തെ കോംപാക്റ്റ് ക്രോസ്ഓവറാണു ഈ മോഡൽ.ക്വാട്രോ ഓൾ-വീൽ ഡ്രൈവും സ്റ്റാൻഡേർഡായി 2.0 ലി ടിഎഫ്എസ്ഐ പെട്രോൾ എഞ്ചിനും സജ്ജീകരിച്ചിരിക്കുന്ന പുതിയ ഔഡി ക്യൂ3 സ്പോർട്ട്ബാക്ക് 190 എച്ച്പി പവറും 320 എൻഎം ടോർക്കും നൽകും. ഓഡി ക്യു3 സ്പോർട്ട്ബാക്ക് അതിന്റെ സെഗ്മെന്റിലെ ഏറ്റവും വേഗതയേറിയതും വെറും 7.3 സെക്കൻഡിനുള്ളിൽ പൂജ്യത്തിൽ നിന്ന്-100 കി.മീ/മണിക്കൂർ വേഗത കൈവരിക്കുന്നതുമാണ്. പുതിയ ഔഡി ക്യൂ3 സ്പോർട്ട്ബാക്ക് ക്വാട്രോ ഓൾ-വീൽ ഡ്രൈവ് സിസ്റ്റം അവതരിപ്പിക്കുന്നു, ഇത് എല്ലാ റോഡ് സാഹചര്യങ്ങളിലും മികച്ച ട്രാക്ഷൻ, ചടുലത, സ്ഥിരത, ഡൈനാമിക് ഹാൻഡ്‌ലിംഗ് എന്നിവ പ്രദാനം ചെയ്യുന്നു. കൂടാതെ, പുതിയ ഓഡി ക്യൂ3 സ്പോർട്ട്ബാക്കിന്റെ ഡ്രൈവിംഗ് സവിശേഷതകൾ മെച്ചപ്പെടുത്തുന്നതിനും ക്രമീകരിക്കുന്നതിനും, വ്യത്യസ്ത ഡ്രൈവിംഗ് മോഡുകൾ തിരഞ്ഞെടുക്കാൻ ഡ്രൈവറെ ഓഡി ഡ്രൈവ് സെലക്ട് അനുവദിക്കുന്നു. ടർബോ ബ്ലൂ, ഗ്ലേസിയർ വൈറ്റ്, ക്രോണോസ് ഗ്രേ, മൈത്തോസ് ബ്ലാക്ക്, നവര ബ്ലൂ എന്നീ അഞ്ച് എക്സ്റ്റീരിയർ കളർ ഓപ്ഷനുകളിലാണ് പുതിയ ഓഡി ക്യു3 സ്പോർട്ട്ബാക്ക് ലഭ്യമാകുന്നത്. ഒകാപി ബ്രൗൺ, പേൾ ബീജ് എന്നീ രണ്ട് ഇന്റീരിയർ കളർ ഓപ്ഷനുകളും ഇത് വാഗ്ദാനം ചെയ്യുന്നു. 51,43,000 രൂപ എക്സ്-ഷോറൂം വിലയിൽ പുതിയ ഓഡി ക്യൂ3 സ്പോർട്ട്ബാക്ക് ഇപ്പോൾ ലഭ്യമാണ്.''ഓഡി ക്യൂ3 സ്പോർട്ട്ബാക്ക്, ഗംഭീരമായ ഡിസൈനും സ്പോർട്ടി പ്രകടനവും ഉൾക്കൊള്ളുന്ന ഒരു കാറാണ്. ഇത് ഓഡി ക്യൂ3 ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കാനുള്ള ഒരു അവസരം നൽകുന്നു. ഓഡി ക്യൂ 3 ഒരു സെഗ്മെന്റ് ലീഡറാണ്, പുതിയ ഓഡി ക്യു 3 സ്പോർട്ട്ബാക്ക് ഉപഭോക്താക്കൾക്കിടയിൽ അതിന്റെ ജനപ്രീതി വർദ്ധിപ്പിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. കഴിഞ്ഞ വർഷം ഞങ്ങൾ പുറത്തിറക്കിയ ഓഡി ക്യൂ 3 യുടെ വിജയം പുതിയ ഔഡി ക്യൂ 3 സ്പോർട്ട്ബാക്ക് അവതരിപ്പിക്കാൻ ഞങ്ങൾക്ക് പ്രചോദനം നൽകിയതാണ്, രാജ്യത്ത് അതിന്റെ വിജയത്തിൽ ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്..'' ഓഡി ഇന്ത്യയുടെ തലവൻ ശ്രീ ബൽബീർ സിംഗ് ധില്ലൺ പറഞ്ഞു.

# നെറ്റ്ഫ്ലിക്സിന് പിന്നാലെ സ്വിഗ്ഗി വൺ; ലോഗിൻ നടപടിക്രമങ്ങൾ പരിഷ്കരിച്ചു



മുംബൈ: ലോഗിൻ നടപടിക്രമങ്ങൾ പരിഷ്കരിച്ച് ഫുഡ് ഡെലിവറി ആപ്ലിക്കേഷനായ 'സ്വിഗ്ഗി വൺ'. സ്വിഗ്ഗി വൺ അംഗങ്ങൾക്ക് ഇനി മുതൽ രണ്ടിൽ കൂടുതൽ ഉപകരണങ്ങളിൽ നിന്ന് ലോഗിൻ ചെയ്യാൻ കഴിയില്ല. നെറ്റ്ഫ്ലിക്സിന് സമാനമായാണ് സ്വിഗ്ഗിയുടെയും നടപടി. പാസ്‌വേഡ് പങ്കിടൽ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം നെറ്റ്ഫ്ലിക്സായിരുന്നു ആദ്യം പ്രഖ്യാപിച്ചത്.സ്വിഗ്ഗി വൺ സബ്സ്ക്രിപ്ഷനിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് സ്വിഗ്ഗി അതിന്റെ വരിക്കാർക്ക് ഇമെയിൽ അയച്ചിട്ടുണ്ട്. ഫെബ്രുവരി 8 മുതൽ സ്വിഗ്ഗി വൺ ഉപഭോക്താക്കൾക്ക് രണ്ടിൽ കൂടുതൽ ഉപകരണങ്ങളിൽ അക്കൗണ്ട് ഉപയോഗിക്കാൻ കഴിയില്ലെന്ന് ഇമെയിലിൽ പറയുന്നു.സ്വിഗ്ഗി വൺ അംഗത്വം വ്യക്തിഗത ഉപയോഗത്തിനുള്ളതാണ്. ഇക്കാര്യത്തിൽ ദുരുപയോഗം ഇല്ലെന്ന് ഉറപ്പാക്കിക്കൊണ്ട് തങ്ങളുടെ അംഗങ്ങളെ ഏറ്റവും മികച്ച രീതിയിൽ സേവിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാൻ ആഗ്രഹിക്കുന്നു എന്നും കമ്ബനി പ്രസ്താവനയിൽ പറഞ്ഞു.

# രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ ലാഭത്തിൽ വൻ കുതിച്ചുചാട്ടം; ഏറ്റവും കൂടുതൽ ലാഭം നേടിയത് ബാങ്ക് ഓഫ് മഹാരാഷ്ട്ര




ഡൽഹി: രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ ലാഭത്തിൽ വൻ കുതിച്ചുചാട്ടം. ഒക്ടോബറിൽ ആരംഭിച്ച് ഡിസംബറിൽ അവസാനിച്ച പാദത്തിൽ പൊതുമേഖലാ ബാങ്കുകൾ സംയുക്തമായി രേഖപ്പെടുത്തിയത് 29,175 കോടി രൂപയുടെ ലാഭമാണ്.മുൻ വർഷം ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്ബോൾ 65 ശതമാനത്തിന്റെ വർദ്ധനവാണ് ഇത്തവണ രേഖപ്പെടുത്തിയിരിക്കുന്നത്. മൂന്നാം പാദത്തിൽ ഏറ്റവും കൂടുതൽ ലാഭം നേടിയത് ബാങ്ക് ഓഫ് മഹാരാഷ്ട്രയാണ്.മുൻ വർഷം സമാന പാദത്തിലെ ലാഭം 17,729 കോടി രൂപയായിരുന്നു. അതേസമയം, നടപ്പു സാമ്ബത്തിക വർഷം ആദ്യ പാദത്തിൽ 15,306 കോടി രൂപയുടെയും, രണ്ടാം പാദത്തിൽ 25,685 കോടി രൂപയുടെയും സംയുക്ത ലാഭം രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ പാദത്തിലും വളർച്ച നിരക്ക് ഗണ്യമായി കുതിക്കുന്നത് ശുഭപ്രതീക്ഷയാണ് നൽകുന്നത്. ഇതോടെ, നടപ്പു സാമ്ബത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിലെ ആകെ ലാഭം 70,166 കോടി രൂപയായായാണ് വർദ്ധിച്ചത്.മുൻ വർഷം സമാന കാലയളവുമായി താരതമ്യം ചെയ്യുമ്ബോൾ 43 ശതമാനമാണ് അധികം. ആദ്യ പാദത്തിലെ വളർച്ച നിരക്ക് 9 ശതമാനമായിരുന്നു. എന്നാൽ, രണ്ടും മൂന്നും പാദങ്ങളിൽ വളർച്ചാ നിരക്ക് യഥാക്രമം 50 ശതമാനം, 65 ശതമാനം എന്നിങ്ങനെയാണ് മെച്ചപ്പെട്ടത്.

# വോയ്സ് നോട്ടുകളിലൂടെ സർക്കാർ പദ്ധതികൾ അതിവേഗം അറിയാം; ചാറ്റ് ജിപിടി പ്രയോജനപ്പെടുത്താൻ കേന്ദ്രവും, വിശദാംശങ്ങൾ



ന്യൂഡൽഹി: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചാറ്റ്ബോട്ടായ ചാറ്റ്ജിപിടിയെക്കുറിച്ച് ഇതിനോടകം എല്ലാവരും അറിഞ്ഞ് കാണും.ഇതിന്റെ സാധ്യത പ്രയോജനപ്പെടുത്താനുള്ള ശ്രമത്തിലാണ് കേന്ദ്രസർക്കാർ. ചാറ്റ് ജിപിടിയിൽ പ്രവർത്തിക്കുന്ന വാട്സ്ആപ്പ് ചാറ്റ്ബോട്ട് പ്രയോജനപ്പെടുത്തി ഏങ്ങനെ കർഷകരെ സഹായിക്കാം എന്നതിനെ കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്.വിവിധ സർക്കാർ പദ്ധതികളെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ചാറ്റ് ജിപടിയിൽ പ്രവർത്തിക്കുന്ന വാട്സ്ആപ്പ് ചാറ്റ്ബോട്ട് പ്രയോജനപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായി കേന്ദ്ര വിവര സാങ്കേതികവിദ്യ മന്ത്രാലയത്തിന് കീഴിൽ ഒരു ചെറിയ സംഘത്തിന് രൂപം നൽകിയിട്ടുണ്ട്. ഭാഷിണി എന്ന പേരിലുള്ള ഈ സംഘം വാട്സ്ആപ്പ് ചാറ്റ്ബോട്ട് പരീക്ഷിച്ച് വരികയാണ്. വോയ്സ് നോട്ടുകൾ വഴി ചോദ്യങ്ങൾ ഉന്നയിക്കുന്നവർക്കും ഉത്തരം നൽകുന്ന തരത്തിൽ വാട്സ്ആപ്പ് ചാറ്റ്ബോട്ട് പരിഷ്കരിക്കുമെന്ന് റിപ്പോർട്ടുകളുണ്ട്. ഇത് കർഷകർക്ക് പ്രയോജനപ്പെടുമെന്നാണ് സർക്കാർ വിലയിരുത്തൽ. സ്മാർട്ട് ഫോണിൽ ടൈപ്പ് ചെയ്യാൻ അറിയാത്ത കർഷകർക്ക് വോയ്സ് നോട്ടുകളിലൂടെ സംശയങ്ങൾ ദൂരീകരിക്കാൻ കഴിയുമെന്നാണ് സർക്കാർ കണക്കുകൂട്ടൽ. നിലവിൽ ഇംഗ്ലീഷ് അടക്കം പന്ത്രണ്ട് ഭാഷകളെ വാട്സ്ആപ്പ് ചാറ്റ്ബോട്ട് സപ്പോർട്ട് ചെയ്യുന്നുണ്ട്. കൂടുതൽ ഭാഷകളെ ഉൾപ്പെടുത്തി ഇതിന്റെ സാധ്യത മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും അണിയറയിൽ നടക്കുന്നതായാണ് റിപ്പോർട്ട്.

# വാലന്റൈൻസ് ദിനത്തിൽ വണ്ടർലായിലേക്ക് ട്രിപ്പ് പോകാം, പുതിയ പാക്കേജുകൾ അവതരിപ്പിച്ചു




ലോകമെമ്ബാടും വാലന്റൈൻസ് ദിനം ആഘോഷിക്കുന്ന ഫെബ്രുവരി 14-ന് കിടിലൻ പാക്കേജുമായി എത്തിയിരിക്കുകയാണ് കൊച്ചി വണ്ടർലാ.ഇത്തവണ രണ്ട് പേരടങ്ങുന്ന ടീമിനാണ് പ്രത്യേക പാക്കേജ് ഒരുക്കിയിരിക്കുന്നത്. ഫെബ്രുവരി 14-ന് വണ്ടർലായിൽ എത്തുന്ന രണ്ട് പേർക്ക് വേവ് പൂളിനരികിലായി റൊമാന്റിക് ബുഫേ ഡിന്നറാണ് ഒരുക്കുന്നത്. ജിഎസ്ടി ഉൾപ്പെടെ ഈ പാക്കേജിന് 849 രൂപയാണ് നിരക്ക്. കൂടാതെ, വണ്ടർലായുടെ സ്കൈ വീൽ റൈഡിൽ റൈഡ് ആസ്വദിച്ചു കൊണ്ട് രണ്ട് പേർക്കായി റൊമാന്റിക് ഫുഡ് പാക്കേജും ഒരുക്കിയിട്ടുണ്ട്. 399 രൂപയാണ് ഈ പാക്കേജിന് ഈടാക്കുന്നത്.സന്ദർശകർക്ക് വണ്ടർലായുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തരം ഓൺലൈൻ ടിക്കറ്റ് ബുക്ക് ചെയ്യാവുന്നതാണ്. അതേസമയം, ഫെബ്രുവരി 14 വരെയുള്ള ദിവസങ്ങളിൽ ബുക്ക് ചെയ്യുന്നവർക്ക് 899 രൂപ നിരക്കിൽ മാർച്ച് 1 മുതൽ മാർച്ച് 31 വരെയുള്ള ദിവസങ്ങളിൽ വണ്ടർലാ കൊച്ചി പാർക്ക് സന്ദർശിക്കാവുന്നതാണ്. ഇത്തവണ മാർച്ചിലേക്കുള്ള ടിക്കറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.




## ക്രിസ്റ്റി 17ന് പ്രദർശനത്തിന് എത്തും

മാത്യു തോമസും മാളവിക മോഹനനും കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന നവാഗതനായ ആൽവിൻ ഹെന്റി കഥ എഴുതി സംവിധാനം ചെയ്യുന്ന ക്രിസ്റ്റി 17ന് തിയേറ്ററിൽ.ജോയ് മാത്യു, വിനീത് വിശ്വം, മുത്തുമണി, രാജേഷ് മാധവൻ, ജയ എസ്.കുറുപ്പ് ,മഞ്ജു പത്രോസ്, സ്മിനു സിജോ, വീണ നായർ എന്നിവരാണ് മറ്റ് താരങ്ങൾ. തിരക്കഥ സംഭാഷണം ബന്യാമൻ, ജി.ആർ.ഇന്ദുഗോപൻ. റോക്കി മൗണ്ടൻ സിനിമാസിന്റെ ബാനറിൽ സജയ് സെബാസ്റ്റ്യനും കണ്ണൻ സതീശനും ചേർന്നാണ് നിർമ്മാണം. വിതരണം സെൻട്രൽ പിക്ചേഴ്സ്.



## സംസ്ഥാന ചലച്ചിത്ര അവാർഡ്: ഫെബ്രുവരി 20 വരെ അപേക്ഷിക്കാം

തിരുവനന്തപുരം: 2022 ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡിന് എൻട്രികൾസമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2023 ഫെബ്രുവരി 20 വരെ നീട്ടി.2022 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ സെൻസർ ചെയ്ത കഥാചിത്രങ്ങൾ, കുട്ടികൾക്കുള്ള ചിത്രങ്ങൾ, 2022 -ൽ പ്രസാധനം ചെയ്ത ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ, ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ചലച്ചിത്ര സംബന്ധിയായ ലേഖനങ്ങൾ എന്നിവയാണ് അവാർഡിന് പരിഗണിക്കുക.കഥാചിത്രങ്ങൾ ഓപ്പൺ ഡിസിപി (അൺഎൻക്രിപ്റ്റഡ്)/ബ്ലൂറേ) ആയി സമർപ്പിക്കേണ്ടതാണ്. അക്കാദമി വെബ്സൈറ്റായ ാാാ.സല്യമഹമളശഹാ.രീാ ൽ നിന്നും അപേക്ഷാ ഫോറവും നിയമാവലിയും നിബന്ധനകളും ഡൗൺലോഡ് ചെയ്യാവുന്നതാണ്. തപാലിൽ ലഭിക്കുവാൻ 25/ രൂപ സ്റ്റാമ്ബ് പതിച്ച് മേൽവിലാസമെഴുതിയ കവർ സഹിതം സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, സത്യൻ സ്മാരകം, കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്ക്, സൈനിക് സ്കൂൾ.പി.ഒ., കഴക്കൂട്ടം, തിരുവനന്തപുരം-695 585 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.




## മെഗാ ഹിറ്റിലേക്ക് 'സ്ഫടികം 4 കെ'

തിയറ്റർ റിലീസിൻറെ 28 വർഷങ്ങൾക്ക് ഇപ്പുറവും കൃത്യമായ ഇടവേളകളിൽ എന്നോണം ടെലിവിഷനിൽ ആവർത്തിച്ചാവർത്തിച്ച് സംപ്രേഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ചിത്രം.മുഖംമിനുക്കി എത്തിയ സ്ഫടികം മലയാള സിനിമയിൽ പുതിയൊരു സാധ്യതയുടെ വാതിൽ തുറന്നിടുകയാണ്. 4കെ ഡോൾബി അറ്റ്മോസ് ദൃശ്യ-ശ്രാവ്യ അനുഭവത്തിലേക്ക് അപ്ഗ്രേഡ് ചെയ്ത് എത്തിക്കാൻ 2 കോടിയാണ് മുടക്കെന്നാണ് സംവിധായകൻ ഭദ്രൻ നേരത്തെ പറഞ്ഞിരുന്നത്. അതനുസരിച്ച് ചിത്രം ഇതിനകം തന്നെ മുതൽമുടക്ക് തിരിച്ചുപിടിച്ചുകഴിഞ്ഞു.കേരളത്തിൽ 160, മറ്റു സംസ്ഥാനങ്ങളിൽ നൂറോളം സ്ക്രീനുകളിൽ, വിദേശത്ത് 40 രാജ്യങ്ങളിലായി നൂറിലേറെ സ്ക്രീനുകളിൽ.. ഇത്തരത്തിൽ വൈഡ് റിലീസ് ആയാണ് കഴിഞ്ഞ വ്യാഴാഴ്ച സ്ഫടികം റീ റിലീസ് ചെയ്യപ്പെട്ടത്. ഇതിൽ കേരളത്തിൽ നിന്ന് മാത്രം ഞായർ വരെയുള്ള ആദ്യ നാല് ദിനങ്ങളിൽ നിന്ന് ചിത്രം നേടിയിരിക്കുന്നത് 3 കോടിക്ക് (ഗ്രോസ്) മുകളിലാണെന്നാണ് വിവരം. കൃത്യമായ തുക വന്നിട്ടില്ലെങ്കിലും കേരളത്തിൽ നിന്ന് നേടിയതിനേക്കാൾ വരും ചിത്രത്തിൻറെ വിദേശ മാർക്കറ്റുകളിൽ നിന്നുള്ള കളക്ഷൻ എന്നാണ് വിവരങ്ങൾ ലഭിക്കുന്നത്.



## ഷാരൂഖ് ഖാൻ ചിത്രം 'പഠാൻ' 1000 കോടിയിലേയ്ക്ക്

ഷാരൂഖ് ഖാൻ ചിത്രം 'പഠാൻ' ആയിരം കോടിയേലേയ്ക്ക് കുതിക്കുന്നു. ആഗോളതലത്തിൽ ഇതുവരെ 946 കോടിയാണ് ചിത്രം നേടിയിരിക്കുന്നത്.ഹിന്ദി പതിപ്പിനൊപ്പം മറ്റ് ഭാഷകളിലേയ്ക്ക് ഡബ്ബ് ചെയ്ത പതിപ്പും മികച്ച കളക്ഷനാണ് നേടിക്കൊണ്ടിരിക്കുന്നത്.ഷാരൂഖ് ഖാനൊപ്പം ദീപിക പദുകോണും ജോൺ എബ്രഹാമും പ്രധാന വേഷത്തിലെത്തുന്ന പഠാൻ സംവിധാനം ചെയ്തിരിക്കുന്നത് സിദ്ധാർഥ് ആനന്ദാണ്. നാല് വർഷത്തെ ഇടവേളക്ക് ശേഷമാണ് ഷാരൂഖ് ഖാൻ നായകനായെത്തുന്ന ഒരു ചിത്രം പ്രദർശനത്തിനായി എത്തുന്നത്.




## ഇത് ക്രിസ്റ്റഫർ സ്വാഗ്ഭ; മമ്മൂട്ടി ചിത്രം ക്രിസ്റ്റഫറിന് വൻ ജന സ്വീകരണം

ബി ഉണ്ണികൃഷ്ണൻ സംവിധാനം ചെയ്ത മമ്മൂട്ടി ചിത്രം ക്രിസ്റ്റഫറിന് വൻ ജന സ്വീകരണം .ഇന്നത്തെ സമൂഹത്തിൽ പറയേണ്ട ചർച്ച ചെയ്യേണ്ട വിഷയം തന്നെയാണ് സിനിമ സംസാരിക്കുന്നത്.അതിനാൽ തന്നെ സാമൂഹിക പ്രസക്തിയിൽ നിറയുന്ന ക്ലാസ് സിനിമയാണ് ക്രിസ്റ്റഫർ എന്ന് ഒറ്റ വാക്കിൽ വിശേഷിപ്പിക്കാം. സ്ഥിരം കാണുന്ന മാസ്സ് അപ്പീൽ അല്ല സിനിമയ്ക്ക് ഉള്ളത്. അതിനാൽ തന്നെ പുതിയൊരു മേക്കിങ്ങ് രീതി പുതുമ നൽകുന്നുണ്ട്.മമ്മൂട്ടിയുടെ വ്യത്യസ്ത പൊലീസ് വേഷമായ ക്രിസ്റ്റഫറിനെ സിനിമാ പ്രേമികൾ ആവേശത്തോടെ വരവേറ്റു. ക്രൈം ത്രില്ലറായി ഒതുങ്ങാതെ, ഒരു പൊലീസ് ഉദ്യോഗസ്ഥന്റെ ജീവിതത്തിലെ അനുഭവങ്ങളിലൂടെയാണ് സിനിമ സഞ്ചരിക്കുന്നത്. സംഘട്ടന രംഗങ്ങളിലെ മെയ്വഴക്കവും എടുത്ത് പറയണം.ക്രിസ്റ്റഫറിന്റെ എൻകൗണ്ടറുകളാണ് കഥയുടെ ഗതി നിർണയിക്കുന്നത്. അനുദിനം കേരളത്തിൽ കേൾക്കുന്ന ലൈംഗികാതിക്രമങ്ങളാണ് ചിത്രം ചർച്ച ചെയ്യുന്നത്. ഷൈൻ ടോം ചാക്കോയുടെ സൈക്കോ പൊലീസ് കഥാപാത്രവും കൈയടി നേടി.ഫെബ്രുവരി 9നാണ് മമ്മൂട്ടി പൊലീസ് വേഷത്തിൽ എത്തിയ ക്രിസ്റ്റഫർ റിലീസിന് എത്തിയത്. ഉദയകൃഷ്ണ തിരക്കഥ എഴുതിയ ചിത്രത്തിന് ബോക്സ് ഓഫീസിലും മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. ആദ്യ ദിവസം 175ലധികം ഹൗസ്ഫുൾ ഷോകളും 50തിലധികം അർദ്ധരാത്രി പ്രദർശനങ്ങളും ഉണ്ടായിരുന്നു. ഇവയിൽ നിന്നും 1.83 കോടി രൂപയാണ് കേരളത്തിൽ നിന്ന് ചിത്രത്തിന് ലഭിച്ചത്.ഓപ്പറേഷൻ ജാവ ഒരുക്കിയ ഫൈസ് സിദ്ദിഖ് ആണ് ചിത്രത്തിന്റെ ഛായാഗ്രഹണം നിർവ്വഹിച്ചിരിക്കുന്നത്. സംഗീതം: ജസ്റ്റിൻ വർഗീസ്, എഡിറ്റിങ്: മനോജ്, പ്രൊഡക്ഷൻ കൺട്രോളർ: അരോമ മോഹൻ, കലാ സംവിധാനം: ഷാജി നടുവിൽ, വസ്ത്രാലങ്കാരം: പ്രവീൺ വർമ്മ, ചമയം: ജിതേഷ് പൊയ്യ, ആക്ഷൻ കൊറിയോഗ്രഫി: സുപ്രീം സുന്ദർ, ചീഫ് അസോസിയേറ്റ്: സുജിത്ത് സുരേഷ്, പിആർഒ: പി ശിവപ്രസാദ്, നിയാസ് നൗഷാദ്, മാർക്കറ്റിങ്: ഒബ്സ്ക്യൂറ എന്റർടൈൻമെന്റ്സ്, സ്റ്റിൽസ്: നവീൻ മുരളി, ഡിസൈൻ: കോളിൻസ് ലിയോഫിൽ എന്നിവരാണ് മറ്റ് അണിയറ പ്രവർത്തകർ.




## ക്ലാര സോളയടക്കം 11 ചിത്രങ്ങൾ യൂനിവേഴ്സിറ്റി ചലച്ചിത്രമേളയിൽ

കാലികറ്റ് യൂനിവേഴ്സിറ്റി ഫിലിം സൊസൈറ്റിയും പബ്ലിക് റിലേഷൻസ് വിഭാഗവും സംഘടിതമായി കേരള ചലച്ചിത്ര അകാഡമിയുടെ സഹകരണത്തോടെ നടത്തുന്ന ത്രിദിന ചലച്ചിത്ര മേള ഫെബ്രുവരി 14 ന് ആരംഭിക്കും. 26-ാമത് രാജ്യാന്തര ചലച്ചിത്ര മേളയിൽ സുവർണ ചകോരത്തിനർഹമമായ ചിത്രം ക്ലാര സോളാ, മഹേഷ് നാരായണൻ ചിത്രം അറിയിപ്പ്, പദ്മരാജൻ ചിത്രം കള്ളൻ പവിത്രൻ, പ്രദീഷ് പ്രസാദ് ചിത്രം നോർമൽ ഉൾപെടെ 11 ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കുന്നത്.സമൂഹത്തിന്റെ വ്യത്യസ്ത തലങ്ങളിൽ നിന്നുള്ള നാലു സ്ത്രീകളുടെ വിവാഹമോചനത്തിന് ശേഷമുള്ള ജീവിതത്തെ അവതരിപ്പിക്കുന്ന മിനി ഐ ജി ചിത്രം ഡിവോഴ്സ് മേളയിലെ ആദ്യ പ്രദർശന ചിത്രമാണ്. ചലച്ചിത്ര പ്രദർശനത്തിനൊടൊപ്പം ഓപ്പൺ ഫോറവും സംഘടിപ്പിക്കുന്നുണ്ട്.

# കേരള ബ്ലാസ്റ്റേഴ്സ് ആരാധകരും ബെംഗളൂരു ആരാധകരും തമ്മിൽ ഉണ്ടായ സംഘർഷം, കുറ്റക്കാരെ കണ്ടെത്തി നടപടിയെടുക്കും




കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയും ബെംഗളൂരു എഫ്സിയും തമ്മിൽ നടന്ന അവസാന മത്സരത്തിനിടയിൽ ഇരു ക്ലബിന്റെ ആരാധകരും തമ്മിൽ പരസ്പരം ഏറ്റുമുട്ടിയിരുന്നു.ഏറ്റുമുട്ടലിന്റെ ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിക്കുകയും ചെയ്തു. ഇന്ന് ഇരു ക്ലബുകളും ചേർന്ന് പുറത്തിറക്കിയ സംയുക്ത പ്രസ്താവന പ്രകാരം രണ്ട് ക്ലബ്ബുകളും നടന്ന സംഭവങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടെന്നും അതിൽ ഉൾപ്പെട്ടവരെ തിരിച്ചറിയാൻ ഒരുമിച്ച് പ്രവർത്തിക്കുകയാണെന്നും പ്രസ്താവനയിൽ പറയുന്നു. ഇവർക്കെതിരെ നടപടിയുണ്ടാകും എന്നും പ്രസ്താവനയിൽ പറയുന്നു.കളിക്കിടെ നടന്ന അക്രമത്തെ ക്ലബ്ബുകൾ അപലപിക്കുകയും അത്തരം പെരുമാറ്റത്തിന് ഫുട്ബോളിൽ സ്ഥാനമില്ലെന്ന് ഊന്നിപ്പറയുകയും ചെയ്തു. സതേൺ റൈവൽറി ഇന്ത്യൻ ഫുട്ബോളിന്റെ ആഘോഷമാണെന്നും എന്നാൽ സ്റ്റേഡിയം സുരക്ഷിതവും ആരോഗ്യകരവുമായ അന്തരീക്ഷം നിലനിർത്താൻ എല്ലാവരുടെയും ശ്രമം ആവശ്യമാണെന്നും പ്രസ്താവനയിൽ പരാമർശിച്ചു.ആരാധകർക്ക് സുരക്ഷിതവും പോസിറ്റീവുമായ അനുഭവം നൽകാൻ തങ്ങൾ എപ്പോഴും ശ്രമിക്കുമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് തുടരുമെന്നും ക്ലബ്ബുകൾ പറഞ്ഞു.

# അടുത്ത സീസണിലും ചെലവഴിക്കുന്നത് തുടരും ; ബാഴ്സ യുവ താരത്തിനെ ലക്ഷ്യമിട്ട് ചെൽസി




ബാഴ്സലോണ വിങ്ങർ അബ്ഡെ എസൽസൗലിയെ ഭാവി ട്രാൻസ്ഫർ ടാർഗെറ്റായി ചെൽസി കരുതുന്നതായി റിപ്പോർട്ട്.ജനുവരി ട്രാൻസ്ഫർ വിൻഡോയിൽ എട്ട് കളിക്കാരെ വാങ്ങിയ ചെൽസിയുടെ ഫസ്റ്റ്-ടീം സ്ക്വാഡ് ഇപ്പോൾ നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്.എന്നാൽ അടുത്ത ട്രാൻസ്ഫർ വിൻഡോയിലും ഇത് പോലെ തന്നെ വലിയ ബജറ്റ് ഒരുക്കി ടീമിനെ പുതിക്കി പണിയാൻ തന്നെ ആണ് ചെൽസിയുടെ തീരുമാനം.സെൻട്രൽ മിഡ്ഫീൽഡറേ കൂടാതെ കുറഞ്ഞത് ഒരു ഫോർവേഡിനെ എങ്കിലും സൈൻ ചെയ്യാൻ ആണ് മാനെജ്മെന്റ് ലക്ഷ്യം.സ്പെയിൻ മാധ്യമങ്ങളുടെ റിപ്പോർട്ടുകൾ പ്രകാരം എസൽസൗലിയേ കഴിഞ്ഞ കുറച്ച് കാലങ്ങൾ ആയി ചെൽസി പിന്തുടരുന്നുണ്ട്.മൊറോക്കൻ താരമായ അദ്ദേഹം ബാഴ്സ ടീമിൽ ഇടം നേടാത്തതിനെ തുടർന്ന് നിലവിൽ ഒസാസുനയിൽ ലോണിൽ കളിക്കുകയാണ്. അൻസു ഫാട്ടിയുടെ മോശം ഫോം മൂലം അടുത്ത സീസണിൽ താരത്തിനെ തിരിച്ചു കൊണ്ടുവരാൻ ആണ് സാവിയും ബാഴ്സയും തീരുമാനിച്ചിരിക്കുന്നത് എന്നും എന്നും സ്പാനിഷ് മാധ്യമങ്ങൾ അവകാശപ്പെടുന്നുണ്ട്.

# അർജന്റീനൻ അത്ഭുത താരം ഗർനാചോ ഉടൻ മാഞ്ചസ്റ്ററിൽ കരാർ പുതുക്കും




മാഞ്ചസ്റ്റർ യുണൈറ്റഡ് യുവതാരം ഗർനാചോ ഉടൻ ക്ലബിൽ കരാർ പുതുക്കും എന്ന് ഫബ്രിസിയോ റൊമാനോ റിപ്പോർട്ട് ചെയ്യുന്നു.യുണൈറ്റഡ് ഗർനാചോയുടെ ഏജന്റിന് പുതിയ ഒഫർ അയച്ചു കഴിഞ്ഞു. അഞ്ചു വർഷം കൂടെ ഗർനാചോയെ ഓൾഡ്ട്രാഫോർഡിൽ നിലനിർത്തുന്ന കരാർ ആണ് യുണൈറ്റഡ് താരത്തിന്റെ മുന്നിൽ വെച്ചിരിക്കുന്നത്. ഈ സീസണിൽ യുണൈറ്റഡിന്റെ പ്രധാന താരങ്ങളിൽ ഒരാളായി മാറിയ ഗർനാചോ കഴിഞ്ഞ ദിവസം ലീഡ്സിനെതിരെ യുണൈറ്റഡിനായു ഗോൾ നേടിയിരുന്നു.നേരത്തെ മാഞ്ചസ്റ്റർ യുണൈറ്റഡ് 20000ക്ഷന്റെ വേതന ഓഫർ ഗർനാചോക്ക് നൽകിയിരുന്നു എങ്കിലും ആ ഓഫർ ഗർനാചോ ഏജന്റ് നിരസിച്ചിരുന്നു. ഇപ്പോൾ അതിനേക്കാൾ വലിയ ഓഫർ ആണ് യുണൈറ്റഡ് താരത്തിന് മുന്നിൽ സമർപ്പിച്ചിരിക്കുന്നത്.ഗർനാചോയ്ക്ക് ആയി റയൽ മാഡ്രിഡും യുവന്റസും രംഗത്ത് ഉള്ളത് കൊണ്ട് മാഞ്ചസ്റ്റർ ചർച്ചകൾ വേഗത്തിൽ ആക്കുകയായിരുന്ന്ഹ്. 18കാരനായ താരത്തിന് 2024വരെയുള്ള കരാർ ഇപ്പോൾ മാഞ്ചസ്റ്റർ യുണൈറ്റഡിൽ ഉണ്ട്. പരിശീലകൻ എറിക് ടെൻ ഹാഗും മാഞ്ചസ്റ്റർ യുണൈറ്റഡ് ആരാധകരും വലിയ പ്രതീക്ഷയോടെയാണ് ഗർനാചോ കാണുന്നത്.

# വനിതാ ഐപിഎൽ താരലേലം; സ്മൃതിയെ സ്വന്തമാക്കി ബാംഗ്ലൂർ, ഹർമൻപ്രീത് മുംബൈയിൽ




പ്രഥമ വനിതാ ഐപിഎല്ലിലെ താരലലേത്തിൽ ഇന്ത്യൻ താരം സ്മൃതി മന്ദായനയെ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ സ്വന്തമാക്കി. 3.40 കോടിക്കാണ് സ്മൃതിയെ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ സ്വന്തമാക്കിയത്. അവസാന റൗണ്ട് വരെ സ്മൃതിക്കായി മുംബൈ ഇന്ത്യൻസ് രംഗത്തുണ്ടായിരുന്നെങ്കിലും ഒടുവിൽ 3.40 കോടിക്ക് ആർസിബി മന്ദായനയെ ടീമിലെത്തിച്ചു. അടിസ്ഥാന വിലയായ 50 ലക്ഷം രൂപക്കായിരുന്നു ലേലം ഇന്ത്യൻ ടീം ക്യാപ്റ്റൻ ഹർമൻപ്രീത് കൗറിനായും ശക്തമായ ലേലം വിളി നടന്നു. റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ തുടക്കത്തിൽ ഹർമൻപ്രീതിനെ സ്വന്തമാക്കാൻ രംഗത്തുവന്നു. എന്നാൽ ഒരു കോടി കടന്നതോടെ ബാംഗ്ലൂർ പിൻമാറി. തുടർന്ന് ഡൽഹി ക്യാപിറ്റൽസ് ഹർമൻപ്രീതിനായി മുംബൈക്കൊപ്പം മത്സരിച്ചു. ഒടുവിൽ 1.80 കോടി രൂപക്ക് മുംബൈ താരത്തെ ടീമിലെത്തിച്ചു.റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ ഓസ്ട്രേലിയൻ താരം എൽസി പെറിയെ 1.7 കോടിക്ക് സ്വന്തമാക്കി. ഓസ്ട്രേലിയൻ ഓൾ റൗണ്ടർ ആഷ്‌ലി ഗാർഡന്റെ 3.20 കോടി മുടക്കി ഗുജറാത്ത് ജയന്റ്സ് ടീമിലെത്തിച്ചു. ന്യൂസിലൻഡ് താരം സോഫി ഡിവൈനിനെ അടിസ്ഥാന വിലയായ 50 ലക്ഷം രൂപക്ക് ആർ സി ബി ടീമിലെത്തിച്ചു. ഇംഗ്ലണ്ട് താരം സോഫി എക്ലിസ്റ്റണെ 1.80 കോടി രൂപക്ക് യുപി വാരിയേഴ്സ് ടീമിലെത്തിച്ചു.ഇന്ത്യൻ ഓൾറൗണ്ടർ ദീപ്തി ശർമയെ യുപി വാരിയേഴ്സ് സ്വന്തമാക്കി. 50 ലക്ഷം അടിസ്ഥാനവിലയുണ്ടായിരുന്ന താരത്തെ 2.6 കോടിക്കാണ് യുപി സ്വന്തമാക്കിയത്. മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ജെയന്റ്സ് എന്നിവർ താൽപര്യം കാണിച്ചിരുന്നു. ഇന്ത്യൻ പേസർ രേണുക സിംഗിനെ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ സ്വന്തമാക്കി. 1.5 കോടിക്കാണ് രേണുക ആർസിബിയിലെത്തിയത്.വനിതാ ഐപിഎല്ലിന്റെ പ്രഥമ സീസണിൽ ആകെ 22 മത്സരങ്ങളാണുണ്ടാവുക. മാർച്ച് നാലു മുതൽ 26 വരെയാണ് ആദ്യ വനിതാ ഐപിഎൽ. മുംബൈയിലെ മൂന്ന് സ്റ്റേഡിയങ്ങളിലായാണ് ടൂർണമെന്റ് നടക്കുക.ഇന്ത്യയുടെ ഇതിഹാസ താരങ്ങളായ മിതാലി രാജ് ഗുജറാത്ത് ജയന്റ്സിന്റെയും ജുലൻ ഗോസ്വാമി മുംബൈ ഇന്ത്യൻസിന്റെയുംമെന്റർമാരാണ്.

# ഇംഗ്ലണ്ട് ക്രിക്കറ്റ് ടീം മുൻ നായകൻ ഒയിൻ മോർഗൻ വിരമിച്ചു

മുൻ ഇംഗ്ലണ്ട് ക്രിക്കറ്റ് ടീം നായകൻ ഒയിൻ മോർഗൻ വിരമിച്ചു. വളരെ ആലോചനകൾക്ക് ശേഷം എടുത്ത തീരുമാനമാണെന്നും ഇതാണ് ക്രിക്കറ്റിൽ നിന്ന് പിൻവാങ്ങാനുള്ള ശരിയായ സമയമെന്നും 36കാരനായ മോർഗൻ ടിറ്ററിലൂടെ അറിയിച്ചു. 2019ൽ ഇംഗ്ലണ്ടിന് ലോകകപ്പ് നേടിക്കൊടുത്തത് ഒയിൻ മോർഗന്റെ ക്യാപ്റ്റൻസിയിലായിരുന്നു.കഴിഞ്ഞ വർഷം അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് മോർഗൻ വിരമിക്കൽ പ്രഖ്യാപിച്ചിരുന്നു. 2019ൽ ഇംഗ്ലണ്ടിനെ ലോകകപ്പ് നേട്ടത്തിലേക്ക് നയിച്ച മോർഗൻ, 126 ഏകദിനങ്ങളിലും 72 ടി20കളിലും ഇംഗ്ലണ്ടിനെ നയിച്ചു.ഇംഗ്ലണ്ടിനായി ഏറ്റവും കൂടുതൽ ഏകദിന റൺസ് (6,957), ഏറ്റവും കൂടുതൽ ടി20 റൺസ് (2,458), രണ്ട് ഫോർമാറ്റുകളിലും ഇംഗ്ലണ്ടിനുവേണ്ടി ഏറ്റവും കൂടുതൽ സിക്സറുകൾ എന്നിവയുൾപ്പെടെ നിരവധി റെക്കോർഡുകളോടെയാണ് മോർഗൻ വിരമിക്കുന്നത്. 16ാം വയസ്സിൽ ഏകദിനത്തിൽ അരങ്ങേറ്റം കുറിച്ച മോർഗൻ 248 ഏകദിനങ്ങളും 115 ടി20കളും കളിച്ചിട്ടുണ്ട്. 10,159 റൺസുകളാണ് സ്വന്തം നേട്ടത്തിലുള്ളത്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com